# SANTHOM VOICE

## RAMANATHAPURAM DIOCESAN BULLETIN



Volume 6 | 2015 - July | No. 7









BIBLE

**SANTHOM VOICE**
Ramanathapuram Diocesan Bulletin

Volume - 6
2015 July
No. 7




Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Editor
**Fr Thomas Kavunkal**
Mob: 0 94439 37675

Associate Editor
**Fr Alexander Chundattu O.Carm.**
Mob: 0 89033 10281

Published by
**Fr Jose Kannumkuzhy**
Bishop's House, Ramanathapuram
Ph: 0422-4221795

Website :
**www.ramanathapuramdiocese.org**
**www.ramanathapuramdiocese.com**

Conceptualisation & Print
**MARIA PRINTLINKS**
Ramanathapuram. Mob: 9042013148

Annual Subscription : **Rs 250/-**

Single Copy : **Rs 30/-**

# INDEX

| | |
|---|---|
| Intentions of the Holy Father | 02 |
| Pope Francis Tweets | 02 |
| Eparchial Day Celebrations | 02 |
| Festal Greetings | 03 |
| അറിയിപ്പ് | 04 |
| Circular | 08 |
| 6-ാം രൂപതാദിനം വാർഷിക റിപ്പോർട്ട് | 10 |
| രൂപതാകാര്യാലയം | 14 |
| Finance Office | 17 |
| 6 -ാം രൂപതാദിനാഘോഷം-റിപ്പോർട്ട് | 21 |
| സമർപ്പിത സംഗമം റിപ്പോർട്ട് | 26 |
| Bishop's Engagements | 28 |
| Bishop's Diary | 28 |
| കുടുംബ കൂട്ടായ്മകൾക്കുള്ള പഠനവിഷയം | 30 |
| Catechetical News | 32 |
| Seminary News | 33 |
| Family Apostolate | 34 |
| Santhom Social Service Society | 35 |
| Altar Boys Association | 36 |
| CYM News | 37 |
| Syro-Malabar Mathruvedi | 37 |
| CML | 39 |
| Chrismatic News | 40 |
| SMRC | 41 |
| Snippets | 43 |




# POPE FRANCIS TWEETS

- What is at stake is our own dignity.
- For indigenous communities, land is not a commodity, but a gift from God, a sacred space
- Having a home has much to do with a sense of personal dignity and the growth of families
- Reducing greenhouse gases requires honesty, courage and responsibility
- Interdependence obliges us to think of one world with a common plan.
- Leaving an inhabitable planet to future generations is, first and foremost, up to us.

## THE PRAYER INTENTIONS OF THE HOLY FATHER

**JULY: Universal:** That political responsibility may be lived at all levels as a high form of charity.


**Evangelization:** That, amid social inequalities, Latin American Christians may bear witness to love for the poor and contribute to a more fraternal society.






**EPARCHIAL DAY CELEBRATIONS AT HOLY TRINITY CATHEDRAL, RAMANATHAPURAM ON 13.06.2015**


# *Festal Greetings to*



Mar Jacob Manathodath
July 25



Fr. Thomas Kavungal
July 3



Fr. Tolas Alukkal SDV
July 3



Fr. Shaji Pandaraparambil
July 15



Fr. Alexander Chundattu O. Carm.
July 17

കാത്തലിക് ബിഷപ്പ്സ് ഹൗസ്
C/o ഹോളി ട്രിനിറ്റി കത്തീഡ്രൽ,
ട്രിച്ചി റോഡ്, രാമനാഥപുരം,
കോയമ്പത്തൂർ - 641045

# അറിയിപ്പ്

ഈശോ മിശിഹായിൽ സ്നേഹമുള്ളവരേ,

ഒരു പ്രത്യേക കാര്യത്തിനായിട്ടാണ് ഞാൻ ഈ കത്തെഴുതുന്നത്. രൂപതാ ബുള്ളറ്റിന്റെയും ("സാൻതോം വോയ്സ്") "ത്രിയേക"ത്തിന്റെയും കഴിഞ്ഞ ലക്കത്തിൽ (ജൂൺ 2015) എറണാകുളം അങ്കമാലി അതിരൂപതാ കാര്യാലത്തിൽ നിന്ന് ലഭിച്ച ഒരു വാർത്ത "അറിയിപ്പ്" എന്ന ശീർഷകത്തിൽ രൂപതാ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു.

ഡോട്ടേഴ്സ് ഓഫ് ചാരിറ്റി ഓഫ് ദി മോസ്റ്റ് പ്രഷ്യസ് ബ്ലഡ് (DCPB) എന്ന സന്യാസിനീ സമൂഹത്തിലെ അംഗമായിരുന്ന ഡോ. ലീന മാളിയേക്കലിന്റെ സന്യാസ സമൂഹംഗത്വം വത്തിക്കാനിലെ സന്യാസ സമൂഹങ്ങൾക്കും അപ്പസ്തോലിക സമൂഹങ്ങൾക്കും വേണ്ടിയുള്ള കാര്യാലയത്തിന്റെ തീരുമാനപ്രകാരം (Prot. No. 23076/2011) റദ്ദാക്കിയെന്നും, ഡോ. ലീന തനിക്ക് ലഭിച്ചുവെന്ന പറയുന്ന "വെളിപാടുകളെ" ആസ്പദമാക്കി ഒരു സമൂഹം രൂപീകരിക്കുകയും വെളിപാടും വിശ്വാസവും സംബന്ധിച്ച കത്തോലിക്കാസഭയുടെ ഔദ്യോഗിക നിലപാടുകൾക്ക് വിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തതിനാൽ ആവശ്യമായ പഠനങ്ങൾക്കും പ്രാർത്ഥനാപൂർവ്വമായ ആലോചനകൾക്കും ശേഷം എറണാകുളം-അങ്കമാലി അതിരൂപതാദ്ധ്യക്ഷൻ അത്തരം "വെളിപാടുകൾ" പഠിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും നിന്ന് ഡോ. ലീനയെ വിലക്കിയിട്ടുണ്ടെന്നും പറഞ്ഞുകൊണ്ടുള്ള അറിയിപ്പായിരുന്നു അത്. ഡോ. ലീനയുടെ അത്തരം പ്രവർത്തനങ്ങൾക്ക് സഭയുടെ അംഗീകാരമില്ലെന്നും അറിയിപ്പിൽ പറഞ്ഞിട്ടുണ്ട്. ("എറണാകുളം മിസ്സം" ഏപ്രിൽ 2015, p. 37).

സഭയുടെ വിശ്വാസപൈതൃകം സഭയുടെ പൊതുസമ്പത്താണ്. അത് അഭംഗുരം കാത്തുസൂക്ഷിക്കാനും വ്യാഖ്യാനിച്ചുകൊടുക്കാനുമുള്ള ഉത്തരവാദിത്വം കർത്താവ് തിരുസ്സഭയെയാണ് ഏൽപ്പിച്ചിട്ടിട്ടുള്ളത്. കാലാകാലങ്ങളിൽ തിരുസ്സഭാനേതൃത്വം ഈ ദൈവിക ദൗത്യം നിർവ്വഹിക്കുന്നു.

സഭയുടെ ഇപ്രകാരമുള്ള വിശ്വാസനിക്ഷേപം ദൈവികവെളിപാടിലൂടെ രൂപപ്പെട്ടതാണ്. വി. പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ, "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആഗ്ര

ഹിക്കുന്ന" (1 തിമോ 2:4) ദൈവം പഴയനിയമകാലം മുതൽ വെളിപാടുകൾ നൽകിയിരുന്നുവെങ്കിലും, ഹെബ്രായർക്കുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഈശോമിശിഹായിലാണ് ഈ വെളിപാടിന്റെ പൂർണ്ണത നാം കാണുന്നത്. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ: 1:1–2). അതുകൊണ്ടു സഭ പഠിപ്പിക്കുന്നു, "മനുഷ്യനായി തീർന്ന ദൈവപുത്രനായ ക്രിസ്തു പിതാവിന്റെ ഏകവും പരിപൂർണ്ണവും അദ്വിതീയവുമായ വചനമാണ്. അവനിൽ ദൈവം സർവ്വതും സംസാരിച്ചിരിക്കുന്നു. ഈ വചനമല്ലാതെ മറ്റൊരു വചനം ഇനി ഉണ്ടാകാനില്ല" ("കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം", നമ്പർ 65). ഈയർത്ഥത്തിൽ യേശുക്രിസ്തുവിനെ"എല്ലാ വെളിപാടിന്റെയും മദ്ധ്യസ്ഥനും പൂർണ്ണത"യുമായി കാണുന്ന സഭ (രണ്ടാം വത്തിക്കാൻ സൂനഹദോസ്, "ദൈവാവിഷ്ക്കരണം"). ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ രണ്ടാമത്തെ വരവിനുമുമ്പായി ഒരു പരസ്യവെളിപാടും ഉണ്ടാകുകയില്ല എന്ന് വിശ്വസിക്കുന്നു. തന്റെ ജീവിതവും പ്രബോധനങ്ങളും ജീവത്യാഗവും വഴി നിത്യരക്ഷയുടെ മാർഗ്ഗം തുറന്നുകൊടുത്ത കർത്താവ് ജീവിക്കുന്നവരേയും മരിച്ചവരേയും ജീവിതമനുസരിച്ച് വിധിക്കാൻ രണ്ടാമത് വരുമെന്നല്ലേ നാം വിശ്വസപ്രമാണത്തിൽ ചൊല്ലുന്നത് (1 തിമോ: 6:14, തീത്തൂസ്: 2:13). അതായത്, വി. തോമസ് അക്വീനാസ് പ്രസ്താവിച്ചിരിക്കുന്നതുപോലെ എല്ലാ പരസ്യവെളിപാടുകളും അവസാനത്തെ അപ്പസ്തോലന്റെ മരണത്തോടെ കഴിഞ്ഞു എന്നത് സഭയുടെ വിശ്വാസപാരമ്പര്യമാണ്.

ഇത്തരുണത്തിൽ സ്വകാര്യവെളിപാടുകളെപ്പറ്റിയും ചിന്തിക്കുന്നതു നല്ലതാണ്. അതേപ്പറ്റിയുള്ള സഭയുടെ പ്രബോധനം ഇപ്രകാരമാണ്: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ പ്രത്യക്ഷപ്പെടലിനു മുമ്പായി നാം ഇനി ഒരു പരസ്യവെളിപാടും പ്രതീക്ഷിക്കേണ്ടതില്ല" (1 തിമോ: 6:14, തീത്തൂസ്: 2:13). "സ്വകാര്യവെളിപാടുകൾ", ചിലതിന് സഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും, അവ ക്രിസ്തുവിൽ പൂർണ്ണമാക്കപ്പെട്ട വെളിപാടിനെ"മെച്ചപ്പെടുത്തുകയോ" "പൂർത്തീകരിക്കുകയോ" അല്ല, ചരിത്രത്തിന്റെ പ്രത്യേക കാലഘട്ടത്തിൽ കൂടുതൽ പൂർണ്ണമായി ജീവിക്കാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. അവയെ വിവേചിച്ചറിഞ്ഞു അംഗീകരിക്കാനുള്ള അധികാരം സഭയുടെ പ്രബോധനാധികാരത്തിനാണ്. ഈയർത്ഥത്തിൽ, ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട ദൈവാവിഷ്ക്കാരത്തെ

മറികടക്കുന്നതെന്നോ തിരുത്തുന്നതെന്നോ നടിക്കുന്ന "വെളിപാടുകളെ" അംഗീകരിക്കാൻ ക്രൈസ്തവ വിശ്വാസത്തിന് കഴിയുകയില്ല. ചില അക്രൈസ്തവ മതങ്ങളും സമീപകാലത്ത് രൂപംകൊണ്ട ചില ക്രിസ്തീയ സെക്റ്റുകളും മേൽവിവരിച്ച തരത്തിലുള്ള വെളിപാടുകളേയും ദർശനങ്ങളേയും ആധാരമാക്കിയുള്ളതാണെന്ന് സഭ പഠിപ്പിക്കുന്നു (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, നമ്പർ 67).

ഈ പശ്ചാത്തലത്തിലാണ് ഡോ. ലീന മാളിയേക്കലിന് ലഭിച്ചുവെന്ന് പറയുന്ന വെളിപാടുകളെ (ഉണ്ണീശോ സംസാരിക്കുന്നു, ഉണ്ണീശോ വീണ്ടും ജനിക്കാൻ പോകുന്നു എന്നിവ) കാണേണ്ടത്. യേശുക്രിസ്തു നിത്യം ജീവിക്കുന്ന ദൈവപുത്രനാണ്. അവിടുന്ന് ഇന്നും സ്വകാര്യ വെളിപാടുകളിലൂടെയും ദർശനങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും രോഗശാന്തികളിലൂടെയും ജാതി-മത ഭേദമന്യേ മനുഷ്യർക്ക് രക്ഷയുടെയും സമാധാനത്തിന്റെയും അനുഭവം പകരുന്നു. ഏന്നാൽ ഇത്തരം വെളുപാടുകളുടെയും അത്ഭുതങ്ങളുടെയും നിജസ്ഥിതിയും ദൈവികമായ സുതാര്യതയും ഔദ്യോഗികമായി പഠിച്ച് ദൈവജനത്തെ അറിയിക്കേണ്ടത് സഭയുടെ പ്രബോധനാധികാരമുള്ള സമിതിയാണ്. ഒരു മെത്രാനോ, വൈദികനോ, സന്യാസിനിയോ, അല്മായനോ ഒറ്റയ്ക്ക് ചെയ്യേണ്ടതല്ല അത്. ദൈവം ഒരു വ്യക്തിയിലോ ഒരു സ്ഥലത്തോ ഒരു സമൂഹത്തിലോ ഇടപെടാനോ അതിസ്വാഭാവികമായത് നിർവ്വഹിക്കാനോ ആഗ്രഹിക്കുന്നുവെങ്കിൽ അത് തടയാൻ ഈ ലോകത്തിൽ ആർക്കും സാധിക്കുകയില്ല. അതേസമയം അത്തരം ഇടപെടലുകളുടെ നിജസ്ഥിതിയും സത്യാവസ്ഥയും അറിയാൻ ബന്ധപ്പെട്ട സഭാധികാരിയുടെ തീരുമാനത്തിനായി ഓരോ സഭാംഗവും ക്ഷമയോടെ, പ്രാർത്ഥനാപൂർവ്വം കാത്തിരിക്കണം. അപ്രകാരം ചെയ്യാതെ, സഭാധികാരത്തെ ചോദ്യം ചെയ്തും അനുസരിക്കാതെയും സഭാവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നത് ദൈവജനത്തിന്, അതിലുപരി നേതൃനിരയിലുള്ള ഒരു വൈദികന്, സന്യാസിക്ക്, സന്യാസിനിക്ക് ഒരിക്കലും ചേർന്നതല്ല.

കത്തോലിക്കാ ക്രിസ്തീയ ജീവിതത്തിന്റെ ആത്മാവ് പ. ത്രിത്വത്തിലും ക്രിസ്തുവിന്റെ തുടർച്ചയായ സഭയിലുമുള്ള വിശ്വാസമാണ്. അത് ക്രിസ്തുവിൽ പൂർത്തിയാക്കപ്പെട്ട വെളിപാടിൽ അധിഷ്ഠിതവുമാണ്. മാനുഷികമായ എന്തെല്ലാം ഗുണങ്ങളും കഴിവുകളും ഒരു സഭാംഗത്തിനുണ്ടായാലും ഈ വിശ്വാസത്തിൽ കലർപ്പുണ്ടായാൽ അത് ക്രിസ്തീയ ജീവിതത്തേയും സാക്ഷ്യത്തേയും നിഷേധാത്മകമായി ബാധിക്കും. ഈയർത്ഥത്തിൽ, ഡോ. ലീന മാളിയേക്കലും അവരെ അനുകൂലിക്കുന്നവരും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന സഭാവിരുദ്ധപ്രവർത്തനം സഭാസമൂഹത്തിൽ അസ്വസ്ഥത ഉണ്ടാക്കാൻ മാത്രമെ ഉപകരിക്കൂ. നിർഭാഗ്യവശാൽ, ഡോ. ലീനയെ അനുകൂലിക്കുന്നവരുടെ കൂട്ടത്തിൽ നമ്മുടെ രൂപതയിലെ ഫാ. സെബാസ്റ്റ്യൻ

(സെബി) കുണ്ടുകുളവും (ഗാന്ധിപുരം ഇടവക) പെട്ടുവെന്നത് ഏറെ വേദനാജനകമാണ്. നമുക്ക് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം.

സത്യത്തിന്റെ പൂർണ്ണതയായ ക്രിസ്തുവിന്റെ പ്രതിനിധിയും സഭയുടെ നാവുമാകാൻ വിളിക്കപ്പെട്ട ഒരു വൈദികൻ സഭയുടെ ഔദ്യോഗിക പഠനങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുന്നതും എഴുതുന്നതും സഭാവിരുദ്ധ പ്രസ്ഥാനങ്ങളിൽ മുഴുകുന്നതും ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്നും ഡോ. ലീനയ്ക്ക് ലഭിച്ചുവെന്ന് പറയുന്ന വെളിപാടുകളെപ്പറ്റിയുള്ള സഭയുടെ ആത്യന്തിക നിലപാട് അറിയുന്നതുവരെ ക്ഷമാപൂർവ്വം കാത്തിരിക്കണമെന്നും ബ. സെബാസ്റ്റ്യനച്ചനോട് നേരിട്ടും എഴുത്തിലൂടെയും ബന്ധപ്പെട്ട വ്യക്തികളിലൂടെയും ഞാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ഒരു തരത്തിലും സഭയുടെ മുഖ്യധാരയിലേക്കും പൗരോഹിത്യശുശ്രൂഷയിലേയ്ക്കും തിരിച്ചുവരാൻ തയ്യാറല്ലെന്നു അച്ചൻ എഴുതി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് രൂപതയിൽ അദ്ദേഹത്തിന്റെ നിലവിലുള്ള ശുശ്രൂഷകളിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കിയതും പൗരോഹിത്യ-അജപാലനശുശ്രൂഷകളിൽ നിന്ന് മറിച്ചൊരു തീരുമാനമുണ്ടാകുന്നതുവരെ അദ്ദേഹത്തിന് മുടക്ക് ഏർപ്പെടുത്തിയിട്ടുള്ളതും (കല്പനനമ്പർ 86/2015, 05.06.2015). ഈ തീരുമാനം 08.06.2015 ന് പ്രാബല്യത്തിലായി. അതനുസരിച്ച് തിരുവചനം പ്രഘോഷിക്കുവാനും വി. ബലിയർപ്പിക്കാനും മറ്റു കൂദാശകളും കൂദാശാനുകരണങ്ങളും (വി. കുർബ്ബാന എഴുന്നെള്ളിച്ച് വച്ചുകൊണ്ടുള്ള പ്രാർത്ഥന, ആരാധന ഉൾപ്പെടെ) പരികർമ്മം ചെയ്യാനും പാരാലിറ്റർജിക്കൽ ശുശ്രൂഷകൾക്കും മറ്റു ഭക്തകൃത്യങ്ങൾക്കും നേതൃത്വം വഹിക്കാനും അച്ചന് അനുവാദമില്ല. ഇക്കാര്യം സന്യസ്തരുൾപ്പെടെയുള്ള എല്ലാ വൈദികരും മറ്റു സന്യസ്തരും അല്മായരും മനസ്സിലാക്കണം എന്ന് അറിയിക്കുന്നു.

അതനുസരിച്ച്, ഡോ. ലീനയോ, ഫാ. സെബാസ്റ്റ്യൻ കുണ്ടുകുളമോ മറ്റാരെങ്കിലുമോ നേതൃത്വം വഹിക്കുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ആയ ഒരു സഭാവിരുദ്ധ പ്രസ്ഥാനത്തിലേയ്ക്കും തെറ്റിദ്ധരിച്ചുപോകരുത് എന്നുകൂടി ഇത്തരുണത്തിൽ സഭാവിശ്വാസികളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരെങ്കിലും അങ്ങനെയുള്ള പ്രസ്ഥാനങ്ങളിലേക്ക് പോകുകയോ പോകാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്താൽ അവർക്കെതിരെ സഭാപരമായ നടപടികളുണ്ടാകുമെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുന്നു.

വി. ആഗസ്തിനോസിന്റെ വാക്കുകളും ബോദ്ധ്യവും ഇത്തരുണത്തിൽ നമുക്ക് സ്വന്തമാക്കാം; "ക്രിസ്തീയ ജീവിതം പ. ത്രിത്വത്തിൽ വിശ്വസിച്ച് സഭയിലൂടെ സഞ്ചരിച്ച് നിത്യജീവിതത്തിലെത്തിച്ചേരലാണ്". ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട പ. ത്രിത്വത്തിൽ വിശ്വ

സിച്ച്, വി. പത്രോസിന്റെ നേതൃത്വത്തിന് ഭരമേല്പ്പിക്കപ്പെട്ട സഭയിലൂടെ സഞ്ചരിച്ച് സ്വർഗ്ഗരാജ്യത്തിലെത്തിച്ചേരാൻ നമുക്ക് ഏക മനസ്സോടെ, ഒറ്റക്കെട്ടായി മുന്നേറാം. പ. അമ്മ തന്റെ തിരുക്കുമാരനോടു ചേർത്ത് പിടിച്ച് നമ്മെ വഴിനടത്തട്ടെ!

സ്നേഹപൂർവ്വം
ഈശോയിൽ നിങ്ങളുടെ വത്സലപിതാവ്



**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

NB: ഈ "അറിയിപ്പ്" 14.06.2015 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വി. കുർബ്ബാനയുള്ള സന്യാസ ഭവനങ്ങളിലും വി. കുർബ്ബാനമദ്ധ്യേ വായിക്കണം.

## സീറോ മലബാർ മാട്രിമോണിയൽ നെറ്റ്‌വർക്കിനെ സംബന്ധിച്ച സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട സഹോദരീസഹോദരന്മാരേ,

സഭയുടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാനം കുടുംബമാണല്ലോ. കുടുംബം നന്നായാൽ ഇവ മൂന്നും നന്നാകും. അതുകൊണ്ട് നല്ല കുടുംബങ്ങൾ രൂപീകരിയ്ക്കപ്പെടേണ്ടത് ഇവയുടെ നിലനില്പ്പിന് അത്യന്താപേക്ഷിതമാണ്. എന്നാൽ അനുയോജ്യരായ ജീവിത പങ്കാളികളെ കണ്ടെത്തുകയെന്നത് ഇന്നൊരു പ്രയാസമേറിയ കാര്യമാണ്. സീറോ മലബാർ സഭയിൽ ഇതൊരു പ്രതിസന്ധി തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഇൻഡ്യയിലെ വിവിധ ഭാഗങ്ങളിലേയ്ക്കും ഇൻഡ്യയ്ക്ക് പുറത്തേയ്ക്കുമുള്ള യുവജനങ്ങളുടെ കുടിയേറ്റത്തിന്റെ സൃഷ്ടിയാണ് ഒരു പരിധിവരെ ഈ പ്രതിസന്ധി. പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും വിദ്യാഭ്യാസ നിലവാരത്തിലുള്ള അസന്തുലിതാവസ്ഥയും ഇതിന് ആക്കം കൂട്ടുന്നുണ്ട്.

നാട്ടിൽ നിന്നും വീട്ടിൽ നിന്നും അകലെയായിരിയ്ക്കുന്ന യുവജനങ്ങൾക്ക് പരമ്പരാഗത ശൈലിയിൽ ജീവിത പങ്കാളിയെ കണ്ടെത്താനുള്ള സാദ്ധ്യത ഇന്ന് വളരെ കുറവാണ്. അതുകൊണ്ട് കൂടുതൽ പേരും ഇന്റർനെറ്റിനെആശ്രയിച്ച് ഓൺലൈൻ മാട്രിമോണിയൽ സൈറ്റുകളിൽ പേര് രജിസ്റ്റർ ചെയ്താണ് വധൂവരന്മാരെ കണ്ടെത്തുന്നത്. സ്വന്തം മതത്തിനും സമുദായത്തിനും പുറത്ത് നിന്ന് ജീവിതപ

ങ്കാളിയെ കണ്ടെത്താനുള്ള പ്രവണത ഇവിടെ കൂടുതലാണ്. ഇതിനൊരു പരിഹാരമായിട്ടാണ് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കുരിയായുടെ നേതൃത്വത്തിൽ ഒരു ഓൺലൈൻ മാട്രിമോണിയൽ സർവ്വീസ് ആരംഭിച്ചിരിയ്ക്കുന്നത്. www.syromalabarmatrimony.org എന്ന വിലാസത്തിൽ അത് നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്.

www.syromalabarmatriimony.org സീറോ മലബാർ സഭയിലെ ഭൂരിപക്ഷം രൂപതകളുടെയും സഹകരണത്തോടെ ഈ സൗകര്യം ഒരുക്കുന്നു. ഇപ്പോൾ തന്നെ ഭാഗികമായി ഈ സേവനം ലഭ്യമാണ്. 2015 ജൂൺ 7 മുതൽ വളരെ വിപുലമായ സൗകര്യങ്ങളോടെ നിങ്ങൾക്കിത് ലഭ്യമാണ്. രജിസ്റ്റർ ചെയ്ത എല്ലാവരുടെയും വിവരങ്ങൾ ലഭ്യമാണ്. ഓരോ രജിസ്ട്രേഷനും പൂർത്തിയാക്കുന്നതിന് മുമ്പായി ഓരോരുത്തരെപ്പറ്റിയുള്ള വിവരങ്ങൾ അന്വേഷിച്ചറിഞ്ഞ് സത്യമാണ് എന്ന് ഉറപ്പ് വരുത്തിയ ശേഷമേ രജിസ്ട്രേഷൻ പൂർത്തിയാക്കുകയുള്ളൂ. അതുകൊണ്ട് പ്രൊഫൈലിൽ പറഞ്ഞിരിയ്ക്കുന്ന കാര്യങ്ങളിൽ നിങ്ങൾക്ക് സംശയം ഉണ്ടാകേണ്ടതില്ല.

സീറോ മലബാർ സഭയിൽ ഏത് രൂപതയിലും രൂപതയ്ക്ക് പുറത്തുള്ള വിവാഹ ഒരുക്ക കോഴ്സുകളുടെ വിവരം അറിയാനും വേണമെങ്കിൽ അവയിൽ രജിസ്റ്റർ ചെയ്യാനും ഈ സൈറ്റിലൂടെ സാദ്ധ്യമാണ്. ഏതാനും ദിവസത്തെ അവധിയ്ക്ക് മാത്രമായി നാട്ടിൽ എത്തുന്ന പ്രവാസികൾക്ക് ഇത് ഏറെ സഹായകരമാണ്.

വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പ്രൊഫൈൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രൊഫൈൽ മാസികയും ഇതോടൊപ്പം ലഭ്യമാണ്. ഇവ നമ്മുടെ സഭയിലെ ഇടവക വികാരിയച്ചന്മാരുടെ പക്കൽ അവ പ്രസിദ്ധീകരിക്കുന്ന ക്രമത്തിൽ എത്തിയ്ക്കുന്നതാണ്.

സീറോ മലബാർ മാട്രിമണി നെറ്റ്വർക്കിന്റെ സേവനം പരമാവധി ഉപയോഗപ്പെടുത്തി നമ്മുടെ കുടുംബങ്ങളുടെ ഭദ്രത ഉറപ്പ് വരുത്താം. ഏവർക്കും www.syromalabarmatrimony.org എന്ന സൈറ്റിലേയ്ക്ക് സ്വാഗതം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**മൗണ്ട് സെന്റ് തോമസ്**
18 മെയ് 2015

**ബിഷപ്പ് ജോസ് പൊരുന്നേടം**
ചെയർമാൻ
സീറോ മലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ

N.B: ഈ സർക്കുലർ 12.7.2015 ഞായറാഴ്ച വി. കുർബ്ബാനമദ്ധ്യേ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും ജനങ്ങൾക്കുവേണ്ടി വി. കുർബ്ബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വായിക്കണം. +PA

# 6-ാം രൂപതാദിനം (13.06.2015)
## വാർഷിക റിപ്പോർട്ട്

2015 ജൂൺ 13-ാം തീയതി ശനിയാഴ്ച പ. അമ്മയുടെ വിമലഹൃദയ തിരുനാളിൽ രാമനാഥപുരം രൂപതയുടെ 6-ാം രൂപതാദിനത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ അവതരിപ്പിച്ച 2014-'15 വർഷത്തിലെ രൂപതാ വാർഷിക റിപ്പോർട്ട്.

അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവേ, ബഹു. വൈദികരേ, സമർപ്പിതരേ, സുഹൃത്തുക്കളേ,

അതിജീവനത്തിന്റെ വഴികളിൽ ഒരു ചുവടുകൂടി മുന്നേറുവാൻ കരംപിടിച്ച് വഴിനടത്തിയ നല്ല ദൈവത്തിന് നന്ദി. രൂപതയുടെ ചരിത്രത്തിൽ ആത്മീയ നവീകരണമുന്നേറ്റങ്ങൾക്ക് ശ്രദ്ധേയമായ പ്രാമുഖ്യം ലഭിച്ച വർഷമാണ് കടന്നുപോയത്. ഉക്കടം വി. സെബസ്റ്റ്യാനോസ് പള്ളിയിൽ വച്ച് നടക്കുന്ന ജാഗരണ പ്രാർത്ഥനരൂപതയുടെ എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള ഊർജ്ജത്തിന്റെ ആത്മീയ സ്രോതസ്സായി തീർന്നിട്ടുണ്ട്. ജാഗരണ പ്രാർത്ഥനകൂടാതെ മാസംതോറും രൂപതാതലത്തിൽ ഒരു ഏകദിനധ്യാനം കൂടി ആരംഭിക്കുവാൻ ഈ വർഷം സാധിച്ചു.

2014 ൽ ബൈബിൾവർഷചാരണത്തോടനുബന്ധിച്ച് ആവില സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് രൂപതാ ബൈബിൾ കൺവെൻഷൻ നടത്തുകയുണ്ടായി. കാഞ്ഞിരപ്പള്ളി രൂപതാ വൈദികനായ ബഹു. ഡോമിനിക് വാളമ്മനാൽ അച്ചൻ നയിച്ച കൺവെൻഷനിൽ 4000 ൽ പരം ആളുകൾ പങ്കെടുത്തു. ഒക്ടോബർ മാസത്തിൽ രൂപതയുടെ നിയോഗാർത്ഥം എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും, സന്യാസഭവനങ്ങളിലും ഒരു ദിവസം അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയുണ്ടായി. പരി. അമ്മയ്ക്ക് പ്രതിഷ്ഠിതമായ ഒക്ടോബർ മാസത്തിൽതന്നെ രൂപതാ മാതൃസംഘത്തിന്റെ നേതൃത്വത്തിൽ മാർപ്പാപ്പ, രൂപത, ക്രൈസ്തവപീഡനം, കുടുംബസമാധാനം, ജീവിതവിശുദ്ധി എന്നീ നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് 75000 ജപമാലകൾ ചൊല്ലി കാഴ്ചവെച്ചത് ആത്മീയ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റമായിരുന്നു.

കുടുംബ പ്രേഷിതത്വത്തിന്റെ ആഭിമുഖ്യത്തിൽ വിവാഹജീവിതത്തിൽ 10 വർഷംവരെ പിന്നിടുന്ന ദമ്പതികൾക്കായി പ്രൊഫ. ബാബു ചിറ്റിലപ്പിള്ളി നയിച്ച സെമിനാറിൽ 104 പേർ സംബന്ധിച്ചു. "സ്ത്രീപുരുഷ മനഃശാസ്ത്രവും മാതാപിതാക്കളും" (Parenting) എന്നതായിരുന്നു വിഷയം.

ആദ്യമായി വി. കുർബാനസ്വീകരിച്ച കുട്ടികൾക്കായി Angels'

Meet ഉം അവരുടെ മാതാപിതാക്കൾക്കായി അർദ്ധദിനസെമിനാറും പതിവുപോലെ ഈ വർഷവും ഉണ്ടായിരുന്നു.

2014 സെപ്റ്റംബർ 15 മുതൽ 20 വരെ പാലക്കാട് മരിയൻ റിന്യൂവൽ സെന്ററിൽ വെച്ച് ബഹു. റെനി പുല്ലുകാലായിൽ അച്ചൻ നയിച്ച വൈദികർക്കുവേണ്ടിയുള്ള വാർഷിക ധ്യാനം വൈദികർക്ക് നവമായ ആത്മീയാനുഭവമായിരുന്നു.

2015 മാർച്ച് 11, 12, 13 തീയ്യതികളിൽ ചിന്താമണിപുത്തൂർ ഡിവൈൻ ധ്യാനഇല്ലത്തിൽ വച്ച് ആലുവ മംഗലപ്പുഴ സെമിനാരി പ്രൊഫസർ ബഹു. വിൻസെന്റ് കുണ്ടുകുളം അച്ചന്റെ നേതൃത്വത്തിൽ വൈദികരുടെ തുടർപരിശീലനപരിപാടി നടത്തുകയുണ്ടായി.

കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ 25 പേർ രൂപത മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി എത്തി. 5 പേർ ഉപരിപഠനത്തിനായി മേജർ സെമിനാരിയിലേക്ക് അയക്കപ്പെട്ടു. 2015 ഏപ്രിൽ മാസത്തിൽ രാമനാഥപുരം കത്തീഡ്രലിൽ വച്ച് ബ്രദർ ജെറിൻ എളകുന്നപ്പുഴയ്ക്ക് കാറോയപട്ടവും ബ്രദർ മാർട്ടിൻ പട്ടരുമഠത്തിന് വൈദിക വസ്ത്രവും നൽകി.

2014 ഡിസംബർ 30 ന് കാഞ്ഞിരപ്പള്ളി രൂപതയിലെ വെളിച്ചിയാനി മാർ തോമാ ഇടവകാംഗമായ ബഹു. ഡീക്കൻ ടോമി പുന്നത്താനത്ത് അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവിന്റെ കൈവയ്പ് ശുശ്രൂഷവഴി നമ്മുടെ രൂപതക്കുവേണ്ടി അഭിഷിക്തനായി. ഇപ്പോൾ രൂപതയുടെ മൈനർ സെമിനാരി യിൽ ഫാ. പ്രീഫക്റ്റ് + ഫിനാൻസ് ഓഫിസറായി ശുശ്രൂഷ നിർവ്വഹിക്കുന്ന അച്ചന് പ്രാർത്ഥനാശംസകൾ.

ദൈവവിളി പ്രോത്സാഹനാർത്ഥം കുട്ടികൾക്കായി നടത്തുന്ന ത്രിദിനദൈവവിളി ക്യാമ്പിലും, ദൈവവിളി വാരാചരണത്തിന്റെ ഭാഗമായുള്ള ഉപവാസപ്രാർത്ഥനാ യജ്ഞത്തിലും നിരവധി പേർ താല്പര്യത്തോടും തീക്ഷ്ണതയോയും കൂടെ പങ്കുചേർന്നു. 8-ാം ക്ലാസ് വിദ്യാർത്ഥികൾക്കായി ജീവിതദർശനസംഗമവും (Horeb Fest) എല്ലാ വർഷവുംപോലെ ഈ വർഷവും ഉണ്ടായിരുന്നു.

ഈ സമർപ്പിതവർഷത്തിൽ നമ്മുടെ രൂപതയിൽ Sr. Grace Maria, Sr. Teresa എന്നിവർക്ക് ആരാധനസഭാംഗങ്ങളായി പ്രഥമ വ്രതവാഗ്ദാനം നടത്തുവാൻ ദൈവം അനുഗ്രഹം നൽകി.

1.9.2014 ന് രണ്ടാം Presbyteral council നിലവിൽ വന്നു. കൗൺസിൽ സെക്രട്ടറിയായി ഫാദർ ഷാജി പണ്ടാരപ്പറമ്പിനേയും അജണ്ട കമ്മിറ്റി അംഗങ്ങളായി ജെയ്സൺ പുലിക്കോട്ടിലച്ചനെയും, തോമസ് കാവുംങ്കലച്ചനെയും, ജോസഫ് ആലപ്പാടനച്ചനെയും തെരഞ്ഞെടുത്തു.

രൂപതയുടെ 3-ാം പാസ്റ്ററൽ കൗൺസിൽ 14.06.2014 ന് നിലവിൽ വന്നു. പ്രസ്തുത സമ്മേളനത്തിൽ "പാസ്റ്ററൽ കൗൺസിൽ: പ്രാധാന്യവും പ്രസക്തിയും ദൗത്യവും" എന്ന വിഷയത്തെ അധികരിച്ച് അഭിവന്ദ്യ പിതാവ് അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി ഡോ. ജോയി ചെറിയാനെയും, ജോ. സെക്രട്ടറിയായി ശ്രീമതി ആൽഫാ വിൻസെന്റ് വെള്ളാനിക്കാരനേയും തെരഞ്ഞെടുത്തു. പിന്നീട് ആക്റ്റിംങ് സെക്രട്ടറിയായി ശ്രീ. ഫീസ്റ്റി മാമ്പള്ളിയെ നാമനിർദ്ദേശം ചെയ്തു.

13.09.2014 ൽ ചേർന്ന പാസ്റ്ററൽ കൗൺസിൽ 2-ാം സമ്മേളനത്തിൽ ഷെവ. അഡ്വ. വി.സി. സെബാസ്റ്റ്യൻ "അല്മായ മുന്നേറ്റം, പ്രാധാന്യവും സാധ്യതാ മേഖലകളും" എന്ന വിഷയവും, 13.12.2014 ന് ചേർന്ന 3-ാം സമ്മേളനത്തിൽ മണ്ണുത്തി കാർഷിക സർവ്വകലാശാലാ അസ്സോ. പ്രൊഫസർ ഡോ. മേരി റെജീന"സഭയിൽ സമർപ്പിതരുടെ സ്ഥാനവും ദൗത്യവും" എന്ന വിഷയവും, 14.03.2015 ന് ചേർന്ന 4-ാം സമ്മേളനത്തിൽ എറണാകുളം - അങ്കമാലി അതിരൂപത മതബോധനഡയറക്ടർ ഫാദർ ജിമ്മി പൂച്ചക്കാട്ട് "കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും സമകാലീനലോകത്തിലും" എന്ന വിഷയവും അവതരിപ്പിച്ച് ചർച്ച ചെയ്തു.

2014 ഒക്ടോബർ 2 ന് പാലക്കാട് വച്ച് നടന്ന മാതൃരൂപതയുടെ Ruby Jubilee യിൽ രാമനാഥപുരം രൂപതയിൽ നിന്ന് അഭവന്ദ്യ പിതാവും, വൈദികരും, സന്യസ്തരും, അല്മായരും പങ്കെടുത്തു. പാലക്കാട് രൂപത വഴിയായി ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയായി എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

2014 നവംബർ 30 ന് വി. ചാവറപ്പിതാവിന്റെയും വി. ഏവുപ്രാസ്യാമ്മയുടെയും സംയുക്ത തിരുന്നാൾ രൂപതാതലത്തിൽ സാഘോഷം കൊണ്ടാടി. അന്നുതന്നെ ബൈബിൾ വർഷസമാപനവും സമർപ്പിത വർഷ ഉദ്ഘാടനവും നടത്തി. ഇതിനോടനുബന്ധിച്ച് രാമനാഥപുരം ഇടവകയുടെ ആഭിമുഖ്യത്തിൽ പാലാ കമ്മ്യൂണിക്കേഷൻസിന്റെ "അബ്രാഹം" എന്ന നാടകവും അൽവേർണിയ സ്കൂൾ മൈതാനത്ത് അവതരിപ്പിച്ചു.

13.09.2014 ന് രൂപതയുടെ വെബ്സൈറ്റിന്റെ നവീകരിച്ച പതിപ്പ് (Modified version) പാസ്റ്ററൽ കൗൺസിലിൽ വച്ച് ഉദ്ഘാടനം ചെയ്തു.

കഴിഞ്ഞവർഷം വിവാഹത്തിന്റെ രജത-സുവർണ്ണ ജൂബിലി ആഘോഷിച്ച ദമ്പതികളുടെ കൂട്ടായ്മ Family Apostolatte ന്റെ ആഭിമുഖ്യത്തിൽ 14.12.2014 ന് ഉക്കടം പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

ആതുരസേവനമേഖലയിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മയായ Medical Ferternity യുടെ സമ്മേളനം 21.12.2014 ന് രാമനാഥപുരത്ത് വച്ച് നടന്നു.

രൂപതാകാര്യലയം അംഗങ്ങളുടെയും രൂപതയിൽ ഭവനങ്ങളുള്ള സന്യാസ സമൂഹ മേജർസുപ്പീരിയേഴ്സിന്റെയും സംയുക്ത വാർഷിക സമ്മേളനം 28.1.2015 ന് രാനാഥപുരത്ത് വച്ച് നടത്തുകയുണ്ടായി.

നമ്മുടെ രൂപതയിൽ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ Organ Donation Compaign നടത്തി. ആയിരത്തോളം ആളുകൾ അവയവ ദാനസമ്മതപത്രത്തിൽ ഒപ്പിട്ടുകൊണ്ട് വേദനിക്കുന്നവരോടുള്ള തങ്ങളുടെ പ്രതിബദ്ധത അറിയിച്ചു.

തിരുപ്പൂർ ഇടവകയുടെ സഹകരണത്തോടും സഹായത്തോടുംകൂടി ആരംഭിക്കുന്ന രൂപതയുടെ നൂതനസംരംഭമായ മദർ തെരേസാ പീസ് ഹോമിന് 2015 ഏപ്രിൽ 11 ന് തിരുപ്പൂർ വഞ്ചിപ്പാളയം ഗ്രേസ് ഗാർഡനിൽ അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവ് ശിലാസ്ഥാപനം നിർവ്വഹിച്ചു.

നമ്മുടെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമായി പാപ്പംപട്ടി പിരിവിൽ പിണയാനുദ്ദേശിക്കുന്ന രൂപതാ ബിഷപ്സ്ഹൗസിനും പാസ്റ്ററൽ സെന്ററിനും ആവശ്യമായ Electricity Department ൽ നിന്നുള്ള clearance ഉം ചെന്നൈയിൽ നിന്നുള്ള Local Planning Authority യുടെ അംഗീകാരവും ലഭിച്ചു. ഇതിനായി പ്രാർത്ഥിച്ചവരെയും അദ്ധ്വാനിച്ചവരേയും നന്ദിയോടെ ഓർക്കുന്നതോടൊപ്പം, ബഹു. ജോസ് കന്നംകുഴിയച്ചനോടൊപ്പം മുന്നിട്ടു പ്രവർത്തിച്ച റിട്ട. തഹസിൽദാർ ശ്രീ. എ. ജെയിംസ്, ശ്രീ. സെബാസ്റ്റ്യൻ(മണി)കോനിക്കര, ശ്രീ. കെ.എം. ബിജു. എന്നിവരെയും മന്ത്രിമാരായ എസ്.പി. വേലുമണി, വൈദ്യലിംഗം എന്നിവരേയും നന്ദിയോടെ സ്മരിക്കുന്നു.

ഇക്കാലയളവിൽ വിവിധ പ്രസ്ഥാനങ്ങൾ, സംഘടനകൾ, മുന്നേറ്റങ്ങൾ എന്നിവ വഴി രൂപതയുടം ദൈവജനത്തിനു ലഭിച്ച അനുഗ്രഹങ്ങൾ നിരവധിയാണ്. ഇവയ്ക്ക് നേതൃത്വം നൽകിയ ബഹു. വൈദികർ, സമർപ്പിതർ, അൽമായ പ്രേഷിതർ എന്നിവരുടെ ശുശ്രൂഷകൾ നിസ്തൂലമാണ്.

ഇവയ്ക്ക് പിന്നിൽ പ്രചോദനമായും പ്രോത്സാഹനമായും നിന്ന അഭിവന്ദ്യ പിതാവിനെരൂപത സ്നേഹാദരങ്ങളോടെ പ്രാർത്ഥനാപൂർവ്വം ഓർക്കുന്നു. തുടർന്നും എല്ലാവരുടെയും നിർലോഭമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

നമ്മുടെ നിരന്തരമായ പ്രാർത്ഥനകളിൽ രൂപതയുടെ സർവ്വതോത്മുഖമായ വളർച്ച ഒരു നിയോഗമായിരിക്കട്ടെ. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥർ എപ്പോഴും പ്രാർത്ഥനയിൽ നമ്മോടൊപ്പം ഉണ്ടായിരിക്കട്ടെ. പ്രാർത്ഥനാപൂർവ്വം ഈ റിപ്പോർട്ട് സഭയുടെ സമക്ഷം സമർപ്പിക്കുന്നു.

**ഫാ. ഷാജി പണ്ടാരപറമ്പിൽ**
സെക്രട്ടറി
പ്രെസ്ബിറ്ററൽ കൗൺസിൽ

# രൂപതാകാര്യാലയം

## A. ഓർമ്മിക്കേണ്ട ദിവസങ്ങൾ

2015 ജൂലൈ:-

3: മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ (കടമുള്ള ദിവസം)
10: കർത്താവിന്റെ എഴുപത് ശിഷ്യന്മാർ
11: വി. ബെനഡിക്റ്റ് (ബനഡിക്റ്റ് മാർപ്പാപ്പയുടെ നാമഹേതുകദിനം)
15: വി. കുര്യാക്കോസും ജൂലിയറ്റയും
16: കർമ്മല മാതാവ്
24: മാർ അദ്ദായിയുടെ ശിഷ്യനായ മാർ മാറി
25: വി. യാക്കോബ് ശ്ലീഹ (പാലക്കാട് രൂപതാദ്ധ്യക്ഷന്റെ നാമഹേതുകദിനം)
26: വി. യോവാക്കിമും വി. അന്നയും
28: വി. അൽഫോൻസ
29: വി. മർത്ത
31: വി. ഇഗ്നേഷ്യസ് ലയോള

## B. മാർത്തോമ്മാശ്ലീഹായുടെ തിരുനാൾ - ദുക്റാന

ജൂലായ് 03-ാം തീയതി വെള്ളിയാഴ്ച രൂപതാ മദ്ധ്യസ്ഥൻ കൂടിയായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാളാണ്. അന്ന് നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാനനമദ്ധ്യേ രൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. തിരുനാൾ വെള്ളിയാഴ്ചയായതിനാൽ അന്ന് രൂപതയ്ക്കുള്ളിൽ മാംസവർജ്ജനത്തിൽ നിന്ന് ഒഴിവു നല്കിയിരിക്കുന്നു.

## C. സീറോ മലബാർ സഭാ ദിനം

ജൂലായ് 03 സീറോ മലബാർ സഭാ ദിനമാണ്. 28.06.2015- ന് വായിക്കാൻ ആവശ്യപ്പെട്ടിട്ടുള്ള മേജർ ആർച്ചുബിഷപ്പിന്റെ ഇടയലേ ഖനത്തിൽ (സാൻതോം വോയ്സ്, ജൂൺ 2015) പറഞ്ഞിരിക്കുന്നതു പോലെ, അന്ന് സീറോ മലബാർ സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. കൂടാതെ, കാക്കനാട് സഭാ കാര്യാലയത്തിന്റെ നട ത്തിപ്പിനായി ഒരാൾക്ക് രണ്ട് രൂപ എന്ന നിരക്കിൽ രൂപതയിൽ നിന്ന് അവിടേക്ക് കൊടുക്കേണ്ടതുണ്ട്. ഇക്കാര്യം പള്ളികളിൽ/മിഷൻ കേന്ദ്ര ങ്ങളിൽ പ്രത്യേകം വിളിച്ചു പറഞ്ഞ്. ജൂലായ് 03-ലെ പ്രത്യേക പിരിവ് ജൂലായ് 15-ന് മുമ്പ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏല്പിക്കണം.

## D. എല്ലാവർക്കും നന്ദി

ജൂൺ 13-ലെ രൂപതാദിനവും 14-ലെ സമർപ്പിത സംഗമവും ഭംഗി യാക്കാൻ സഹകരിക്കുകയും സഹായിയ്ക്കുകയും ചെയ്ത ബ. വൈദികർക്കും സന്യസ്തർക്കും അല്മായ സഹോദരീ സഹോദര ന്മാർക്കും യുവജനങ്ങൾക്കും കുട്ടികൾക്കും നന്ദി. പ്രത്യേകിച്ച് രൂപതാ പാസ്റ്ററൽ കൗൺസിൽ അജണ്ടാകമ്മിറ്റിയ്ക്ക് നന്ദിയും അനുമോദന ങ്ങളും.

## E. വൈദികരുടെ വാർഷികധ്യാനം

വൈദികരുടെ അടുത്ത വാർഷികധ്യാനം സെപ്റ്റംബർ 14 മുതൽ 19 വരെ കോയമ്പത്തൂരിലെ ഒണ്ടിപുത്തൂരുള്ള ഡിവൈൻധ്യാനഇല്ല ത്തിലായിരിക്കും. രൂപതയുടെ അജപാലനശുശ്രൂഷയിലുള്ള എല്ലാ വൈദികരും നിർബന്ധമായും ഈ ധ്യാനത്തിൽ സംബന്ധിക്കണം. ധ്യാനഗുരു: ഫാ. അഗസ്റ്റിൻ വാളമ്മനാൽ (അണക്കര, കാഞ്ഞിരപ്പള്ളി)

**ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരേണ്ടത്**

1. കുർബ്ബാന കണക്കുപുസ്തകം, കുമ്പസാര പത്തോന്തി, മരണപത്രം (ഇതുവരെ ഏല്പിച്ചിട്ടില്ലെങ്കിൽ)
2. കുർബാനകളുടെ ബൈനേഷൻ, ട്രൈനേഷൻ കണക്ക്
3. വൈദികക്ഷേമനിധിയ്ക്കുവേണ്ടി അർപ്പിച്ച വി. കുർബ്ബാനകളുടെ എണ്ണം
4. ഇതുവരെ ഫിനാൻസ് ഓഫീസിൽ അടയ്ക്കാത്ത പിരിവുകൾ

## F. മൈനർ സെമിനാരിയിലേയ്ക്ക് സ്വാഗതം

ഈ വർഷം രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് വന്നിരി ക്കുന്ന നവാഗതർക്ക് സ്വാഗതവും ദൈവാനുഗ്രഹങ്ങളും നേരുന്നു.

## G. Transfer & appointments:

1. Fr. Jaison Pulikottil appointed to celebrate Holy Mass two ordinary days a week at Our Lady of Mercy convent, Kangeyam also with effect from 01-6-2015 until further

orders (Order No. 75/2015 dated 25-5-2015)

2. Fr. Thomas Kavungal appointed chancellor, Eparchial Curia also with effect from 08-06-2015 until further orders (Order No. 82/2015 dated 05-6-2015)
3. Fr. Alexander Chundattu, O'Carm. appointed Vice-chancellor of the eparchial Curia also with immediate effect until further orders (Order No. 81/2015 dated 05-6-2015)
4. Fr. George Kunnathuparambil appointed Secretary, Santhom Social Service Society & Director, Eparchial Social Service also with effect from 08-6-2015 until further orders (Order No. 83/2015 dated 05-6-2015)
5. Fr. Bijo Palayil relieved from the responsibility to celebrate Holy Mass two ordinary days a week at Our Lady of Mercy convent, Kangeyam and appointed Priest-in charge, St. Jude's Mission centre, Dharapuram also with effect from 08-6-2015 until further orders (Order No. 84/2015 dated 05-6-2015).
6. Fr. Prinson Manjaly appointed to celebrate Holy Mass two ordinary days a week at Our Lady of Mercy convent, Kangeyam also with effect from 08-6-2015 until further orders (Order No. 85/2015 dated 05-6-2015).
7. Fr. Sebastian (alias Seby) Kundukulam relieved from all his offices in the eparchy (eparchial Chancellor, Secretary of Santhom Social Service Society & Director, Eparchial Social Service, Priest-in charge of St. Jude's Mission centre, Dharapuram, member of the eparchial College of Consultors etc.) in the eparchy with effect from 08-6-2015 (ref. CCEO cc. 975 #2; 976 #1, n. 2).
8. Further it is informed that Fr. Sebastian (alias Seby) Kundukulam belonging to Lourde's Forane parish, Gandhipuram in the eparchy of Ramanathapuram and enrolled as a priest of the same eparchy has been prohibited by Bishop Mar Paul Alappatt as per the Order No. 86/2015 dated 05-6-2015, from exercising priestly as well as pastoral functions, in accordance with the Power of Order and the Power of Jurisdiction, i.e. from the preaching of the Word of God, celebration of the Holy Eucharist and administration of other sacraments & sacramentals including prayer with Eucharistic exposition, conducting para-liturgical services, other devotions etc. (ref. CCEO cc. 1446, 1448 #2) with effect from 08-6-2015 until further orders, due to his constant association and activity, in spite of several instructions and warnings, with the anti-Catholic Movement led by Dr. Leena Maliekal, an ex-nun removed from the membership of the Congregation of the Daughters of Charity of the Most Precious Blood (DCPB) as per the Order (No. 23076/2011) from the Congregation for Institutes of the Consecrated Life & the Societies of the Apostolic Life, Rome, and forbidden, after necessary enquiry by the Archbishop of the Archeparchy of Ernakulam-Angamaly, to teach about and propagate her 'new Movement' (ref. notification from the Curia of the Archeparchy of Ernakulam-Angamaly in "Ernakulam Missam", April 2015, p.37).



**Mgr. George Narikuzhi**
Syncellus

# FINANCE OFFICE

**A. SEMINARY BURSE FUND** **JULY - 2015**

1. Mr. Lijo Chugath & Family , Gandhipuram
2. Holy Communicants [2015] St. Antony Church, Viswasapuram
3. Mr. Dony & Mrs. Aiswarya,Monippally, Ktm.
4. Mr. K. V. Vincent , Konikkara House , Singanallur
5. Mr. Anto Varghese , pallipatt House, Kollattukara
6. Mr. Syril Kurian , Assisi garments , Avinashi
7. Mr. Baby Edathuruthikaran & Family , Ukkadam
8. Mr. Joseph Baby , Edathiruthykaran , Ukkadam
9. Holy Communicants 2015 , Ramanathapuram

**B. SEMINARY GENERAL FUND**

1. Holy Family Convent , Sulur — Rs.10,000 /-

**C. PASTORAL CENTRE**

1. Holy Family Sisters , Sulur — Rs.10,000/-
2. Holy Family School , Ukkadam — Rs.5,000/-
3. Sr. Anila Mathew FCC & Family Members, Vazhuthakad — Rs. 10,000/-

**D. The Churches, Institutions & Associations which have not yet Submitted Annual Therattu of the year 2013-14 for approval:**

1. St. Joseph's Church, Kavundampalayam.
2. Karunyamatha Church, Siruvani

**E. Annual Therattu [2014- 2015] –already Submited for approval**

1. St. John Paul Mission Centre , Perianaickampalayam
2. Lourde Matha Forane Church , Erode
3. Lourde Matha Play School , Erode

4. St. Antony 's Church , Sastrinagar
5. St. Paul Church , Mahalingapuram , Pollachi
6. St. Elizabath Church , Sulesvarampatty
7. Arokiamatha Church , Pollachi
8. St. Luke's Church , Valparai
9. Eparchial Mathruvedi
10. St. Mark's Church , Kuniamuthur
11. St Clotilda Church , Podanur
12. Eparchial Family Appostolate

**F. Appointment of Kaikars (2015 - 2016):**

| | | |
|---|---|---|
| 1. | Perianaickampalayam : | Mr.Mathew Kulakadamthadathil |
| | | Mr.Joseph Vazhapilly |
| 2. | Erode: | Mr.Louis Alappadan |
| | | Mr. Johnson Mechery |
| 3. | Sastrinagar: | Mr.Babu Thillery |
| 4. | Pollachi : | Mr. Varghese Arimboor |
| | | Mr. Biju Alex Cheruvalaparabu |
| 5. | Pollachi : | Mr.P. L. Varghese |
| | (Arogyamatha) | Mr. Benny Vadakkan |
| 6. | Sulesvarampatty : | Mr. Albert Thoppil |
| | | Mr. Cicil Kannissery |
| 7. | Valparai : | Mr. Jomey Joseph Palamattam |
| | | Mr. Poulose Nellissery |
| 8. | Kuniamuthur: | Mr. Chazhoor Jacob Shaju |
| | | Mr.Josy George Tharakan |
| 9. | Podannur : | Mr. M. D. Francis Maliammave |
| | | Mr. C. C. George Choondal |

**G. 13th Month Allowence for priests Welfare Fund from the Religious Houses**

| | | |
|---|---|---|
| 1. | Avila Convent Coimbatore | Rs.2500 /- |
| 2. | St. George Convent Ramanathapuram | Rs.2500/- |
| 3. | Infant Jesus Convent Palladam | Rs. 1900/- |
| 4. | Mary Rani Convent , Gandhipuram | Rs.1000/- |
| 5. | Good Shepherd Convent ,Karamadai | Rs.1300/- |
| 6. | Vimala Convent , Chennimalai | Rs.1900/- |
| 7. | Annai Mary Convent , Erode | Rs.1000/- |
| 8. | ChristuJyothi Convent , Erode | Rs.1000/- |
| 9. | Jyothi Bhavan Convent , Erode | Rs.1000/- |
| 10. | Mercy Convent , Kangayam | Rs.1900/- |
| 11. | Nirmalamatha Convent , Kuniyamuthur | Rs.1000/- |
| 12. | Nirmalamatha Convent , Moolakarai | Rs.2800/- |
| 13. | Holy Family Convent , Ukkadam | Rs.1000/- |
| 14. | Holy Family Convent , Mahalingapuram | Rs.1000/- |
| 15. | Assisi Convent , Coimbatore | Rs.1000/- |
| 16. | St. Joseph Home , Podannur | Rs.4200/- |
| 17. | St. mary's Convent , Annur | Rs.2800/- |
| 18. | Kristu Dasi Convent , kaundampalayam | Rs.1000/- |
| 19. | Zion Illam ,Selvapuram | Rs.1000/- |
| 20. | Sanjose Convent ,Mettupalayam | Rs.500/- |
| 21. | St. Antony 's Convent , Karur | Rs.1900/- |
| 22. | Lourde Matha Convent , | Rs.1300/- |
| 23. | Vimal Jyothi Convent , Saravanampatty | Rs. 1600/- |
| 24. | Karunya Adoration Convent , Podanur | Rs. 1200/- |
| 25. | Assisi Convent , avinashi | Rs.2500/- |
| 26 . | Little Flower Convent , Tirupur | Rs.1900/- |

MAINTENANCE FUND RECEIVED FROM PARISHES, MISSION CENTRES & RELIGIOUS HOUSES Receipts until 15th May - 2015

| S.No. | Name of Parish / Religious | Place | No. of Covers | Amount in Rupees |
|---|---|---|---|---|
| 1 | Holy Trinity Cathedral | Ramanathapuram | 200 | 2,15,360/- |
| 2 | St. Mary's church | Kangayam | 10 | 6,050/- |
| 3 | St. Antony 's church | Karur | 9 | 3,550/- |
| 4 | St. Alphonsa church | Palladam | 16 | 12,600/- |
| 5 | St. Sebastian church | Ukkadam | 63 | 26,480/- |
| 6 | St. Luke church | Valparai | 57 | 43,550/- |
| 7 | Jeevan jyothi Centre | Chinnathottipalayam | 30 | 6,950/- |
| 8 | Good Shepherd church | Karamadai | 52 | 22,900/- |
| 9 | St. Joseph's church | Mettupalayam | 38 | 31,050/- |
| 10 | Little Flower church | Saibaba Colony | 102 | 65,450/- |
| 11 | Holy Family Mission | Ganapathy | 128 | 76,601/- |
| 12 | St. Paul church | Pollachi | 90 | 57,395/- |
| 13 | St. Elizabath church | Suleswaranpatty | 47 | 7,410/- |
| 14 | Lourdes Forane church | Gandhipuram | 265 | 1,50,650/- |
| 15 | St. Antony 's church | SastriNagar | 24 | 18,000/- |
| 16 | Lourde Matha Forane church | Erode | 41 | 34,650/- |
| 17 | Mount Carmel church | Tirupur | 108 | 43,550/- |
| 18 | St. Thomas church | Sulur Aero | 30 | 26,780/- |
| 19 | St. Sebastian church | Udumalpet | 18 | 15,050/- |
| 20 | Infant Jesus church | Edayapalayam | 171 | 1,13,350/- |
| 21 | St. Antony 's church | Chennimalai | 12 | 7,650/- |
| 22 | St. Clothilda's church | Podannur | 152 | 1,02,200/- |
| 23 | St. Mark's church | Kuniamuthur | 129 | 1,33,700/- |
| 24 | St. Joseph's church | R.S.Puram | 38 | 19,950/- |
| 25 | St. Antony's church | Viswasapuram | 61 | 36,450/- |
| 26 | Carmelites of MaryImmaculate {CMI} | Coimbatore | 2 | 7,000/- |
| 27 | Sirumalar Illam {CST} | Karur | 1 | 1,000/- |
| 28 | CongregationoftheMotherofCarmel { CMC} | Coimbatore | 5 | 17,550/- |
| 29 | FranciscanClaristCongregation {FCC} | Coimbatore | 15 | 51,362/- |
| 30 | Congrigation of the Holy Family { CHF} | Coimbatore | 4 | 10,000/- |
| 31 | Sisters of the Adoration of the Blessed Sacrament{SABS} | Coimbatore | 2 | 12,000/- |
| 32 | Assisi Sisters of Mary Immaculate {ASMI} | Coimbatore | 2 | 10,500/- |
| 33 | Nazarath Bhavan Convent { CSC} | Coimbatore | 1 | 5,000/- |
| 34 | Samaritan Sisters ,St.Joseph Home {CSS} | Podannur | 1 | 10,000/- |
| 35 | Sisters of Nazareth {CSN} | Edayapalayam | 1 | 2,000/- |
| 36 | D.S.H.J. Convent | Karur | 1 | 5,00/- |
| 37 | Christu Dasi Convent | Kavundampalayam | 1 | 1,000/- |
| 38 | St. Joseph Church | Kavundampalayam | 79 | 41,575/- |
| 39 | St. John Paul Mission centre | Perianackampalayam | 16 | 8,820/- |
| 40 | St. Jude Church | Dharapuram | 8 | 7,600/- |
| | **TOTAL** | | **2029** | **14,64,133/-** |

## 6 -ാം രൂപതാദിനാഘോഷം (13.06.2015)

### റിപ്പോർട്ട്

രൂപതയുടെ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ഡയറക്ടറായ ബഹു. ജോസഫ് പുത്തൂരച്ചന്റെ നേതൃത്വത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ നടത്തിയ പ്രാർത്ഥനാ ശുശ്രൂഷയോടെ ഉച്ചതിരിഞ്ഞ് 2.00 മണിയ്ക്ക് പരിപാടികൾ ആരംഭിച്ചു. ഇരുപത് മിനിറ്റ് നേരത്തെ പ്രാർത്ഥനയ്ക്കുശേഷം യോഗത്തിനായി എല്ലാവരും പാരിഷ് ഹാളിൽ ഒത്തുകൂടി. സരവണംപട്ടി CMC Vimal Jyothi School ലെ വിദ്യാർത്ഥിനികൾ അവതരിപ്പിച്ച പ്രാർത്ഥനാ നൃത്തത്തോടെ യോഗം ആരംഭിച്ചു.

രൂപതയുടെ വികാരിജനറാൾ മോൺ. ജോർജ് നരിക്കുഴി ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ടും, മോൺ. ജോർജ് നരിക്കുഴിയും, CMI പ്രേഷിത പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ ബ. വിൻസൺ മൊയലനച്ചനും പ്രബന്ധം അവതരിപ്പിക്കാനെത്തിയ ബഹു. ജോസ് ജോർജ് പെണ്ണാംപറമ്പിലച്ചനും (താമരശ്ശേരി) വിവാഹത്തിന്റെ ഡയമണ്ട് ജൂബിലി ആഘോഷിക്കുന്ന ശ്രീ. കുരുവിളയും, സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന സി. ഹരോൾഡ് FCC യും പത്തിലും, പന്ത്രണ്ടിലും മതബോധനത്തിന് ഈ വർഷം ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ജിതയും, സോനയും ചേർന്ന് നിലവിളക്ക് തെളിച്ചു. അതോടൊപ്പം രൂപതാ ഗായകസംഘം രൂപതാഗാനം ആലപിച്ചു.

തുടർന്ന്, “ഇസ്ലാം മതമൗലികവാദം” എന്ന വിഷയത്തെ ആസ്പദമാക്കി താമരശ്ശേരി രൂപതയുടെ കുടുംബപ്രേഷിതത്വ ഡയറക്ടർ ഫാ. ജോസ് ജോർജ്ജ് പെണ്ണാംപറമ്പിൽ ക്ലാസ് നയിച്ചു. ഇസ്ലാം മതം എന്താണെന്നും, ക്രൈസ്തവ സമൂഹം എങ്ങനെ ഇസ്ലാം മതത്തിന്റെ മൗലികവാദത്തോട് പ്രതികരിക്കണമെന്നും വളരെ ആധികാരികമായി അദ്ദേഹം പറഞ്ഞു. നമുക്ക് ഒരു വികലമായ കാഴ്ചപ്പാടാണ് ഈ വിഷയത്തെ കുറിച്ച് ഉള്ളതെന്നും, നമ്മുടെ നിലപാടുകളാണ് ഇതിന് കാരണമാക്കുന്നതെന്നും അദ്ദേഹം വിവരിച്ചു. നമ്മുടെ അറിവില്ലായ്മയും വേണ്ട വിധം പഠിക്കാൻ നാം ശ്രദ്ധിക്കാത്തതു കൊണ്ടുമാണ് അങ്ങനെയുള്ള ചിന്താഗതികൾ വരുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഈശോയെ അവർ ദൈവപുത്രനായി കാണാതെ ഒരു പ്രവാചകനായി മാത്രം കാണുന്നതാണ് അവരെ നമ്മുടെ അടിസ്ഥാനവിശ്വാസസത്യത്തിന് വിരുദ്ധരാക്കുന്നത്.

ഇസ്ലാം എന്താണെന്ന് പഠിക്കുന്നതും നമ്മുടെ അംഗസംഖ്യ കുറഞ്ഞ് പോകാതെ നോക്കുന്നതും "ലൗജിഹാദ്" പോലെയുള്ള അവരുടെ പ്രവർത്തനങ്ങളോട് നമ്മുടെ യുവതീയുവാക്കൾ കൂടുതൽ ജാഗ്രത പുലർത്തുന്നതും അത്യാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഒരു സമുദായത്തിന്റെ സംസ്കാരത്തിന്റെ സന്തുലിതമായ നില നിൽപ്പിന് ജനസംഖ്യാ വർദ്ധനവ് നിരക്ക് ചുരുങ്ങിയ പക്ഷം 2.1 % എങ്കിലും ആകണമെന്ന് ആധികാരിക വിശകലനത്തിലൂടെ കണ്ടെത്തിയിട്ടുള്ളതാണ്.

തുടർന്ന് ചർച്ചയായിരുന്നു. പ്രബന്ധാവതാരകൻ തന്നെ ചർച്ച നിയന്ത്രിച്ചു.

ക്രിസ്തുവിനേയും ക്രിസ്തുമതത്തേയും എതിർത്ത് എഴുതുന്ന പുസ്തകങ്ങൾ വായിച്ച് അത് അറിവായി കരുതി, എതിർ വാദങ്ങൾ നമ്മൾ തന്നെ നടത്തരുത്. നമ്മുടെ ആത്മീയതയേയും വിശ്വാസത്തേയും ആഴപ്പെടുത്തുന്നവയായിരിക്കണം നമ്മുടെ വായനകളും പഠനങ്ങളും എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ചോദ്യോത്തരങ്ങൾക്കുശേഷം വൈദികസമിതി സെക്രട്ടറി ബഹു. ഷാജി പണ്ടാരപറമ്പിലച്ചൻ രൂപതയുടെ 2014-2015 വർഷത്തിന്റെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതയുടെ ഒരു വർഷത്തെ സംഭവബഹുലമായ പ്രവർത്തനങ്ങളും വളർച്ചയും വിളിച്ചറിയിക്കുന്നതും രൂപതയ്ക്ക് ഇനിയും നടപ്പിലാക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ ധാരാളം ആവശ്യങ്ങളുണ്ട് എന്ന് ഓർമ്മപ്പെടുത്തുന്നതുമായിരുന്നു ഈ റിപ്പോർട്ട്.

തുടർന്ന്, അഭിവന്ദ്യ പിതാവ് രൂപതാ ദിനത്തിന്റെ സന്ദേശം നൽകി. രൂപതയിൽ സേവനം ചെയ്ത് പോയവരേയും ഇപ്പോൾ സേവനം ചെയ്തുകൊണ്ടിരിക്കുന്നവരേയും ആകുന്ന വിധത്തിൽ സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന സന്യസ്തരേയും, എണ്ണത്തിൽ കുറവാണെങ്കിലും രൂപതയുടെ വളർച്ചയ്ക്കു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന അല്മായരേയും പിതാവ് നന്ദിയോടെ ഓർക്കുകയും ദൈവകൃപ ധാരാളമായി ഉണ്ടാകട്ടെയെന്ന് ആശംസിക്കുകയും ചെയ്തു. എല്ലാവരേയും ഓർത്തതിനൊപ്പം Rtd. തഹസിൽദാർ ശ്രീ. എ. ജെയിംസ്, ശ്രീ. സെബാസ്റ്റ്യൻ (മണി) കോനിക്കര, ശ്രീ. കെ.എ. ബിജു എന്നിവരുടെ സ്തുതർഹ്യമായ സേവനം പിതാവ് ഓർക്കുകയും പ്രത്യേകം നന്ദി പറയുകയും ചെയ്തു. പഴയനിയമ ജനതയെ പോലെ ദൈവത്തെ ആരാധിക്കുവാൻ വിളിക്കപ്പെട്ട ഒരു

സമൂഹമാണ് രൂപതയാകുന്ന സഭ. അപ്രകാരമുള്ള സഭാസമൂഹത്തിന് ആദിമസഭപോലെ നാലു ലക്ഷ്യങ്ങളും ലക്ഷണങ്ങളുമുണ്ടാകണം.

1). "കെറിഗ്മ" (പ്രബോധനങ്ങളിലെ കൂട്ടായ്മ)

2). "കൊയ്നോണിയ" (മനസ്സുകളുടെ ഒന്നിപ്പ്)

3). "ലെയ്ത്തൂർജിയ" (ആരാധനാ സമൂഹത്തിലെ ഒന്നിപ്പ്)

4). "ദിയാകോണിയ" (മറ്റുള്ളവർക്കുവേണ്ടി സേവനസന്നദ്ധതയുള്ള വരുടെ കൂട്ടായ്മ)

ഈ നാല് ഘടകങ്ങൾ ഒന്നിക്കുന്നതാണ് ഒരു രൂപതയുടെ വളർച്ചയ്ക്കുള്ള ശക്തിയെന്ന് പിതാവ് പറഞ്ഞു. വിശ്വാസത്തിന് കോട്ടം വരുന്ന ഒരു പ്രവൃത്തിയും നമ്മളിൽ ഉണ്ടാകരുതെന്നും രൂപ തയും രൂപതാംഗങ്ങളും ദൈവകൃപകളാൽ നിറയട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

രൂപതയിലെ ബ. സെബാസ്റ്റ്യൻ (സെബി) കുണ്ടുകുളം അച്ചനെ വൈദികനടുത്ത ഉത്തരവാദിത്വങ്ങളിൽ നിന്നും കർമ്മങ്ങളിൽ നിന്നും വിലക്കാനുണ്ടായ സാഹചര്യവും കാരണങ്ങളും ഖേദത്തോടെ പിതാവ് വിവരിച്ചു.

വിശ്വാസം സഭയുടെ പൊതു സമ്പത്താണെന്നും അത് കർത്താവ് ഭരമേൽപ്പിച്ചിട്ടുള്ളത് സഭയെ ആണെന്നും സഭാതനയർ എന്ത് വിശ്വ സിക്കണം, എന്ത് വിശ്വസിക്കേണ്ട എന്നത് ആവശ്യമായ പഠനത്തിനും വിലയിരുത്തലിനും ശേഷം സഭയുടെ പ്രബോധനാധികാരമാണ് ഔദ്യോഗികമായി അറിയിക്കുകയെന്നും പിതാവു പറഞ്ഞു. അത് മെത്രാന്റെയോ, വൈദികന്റെയോ, സന്യാസിനിയുടെയോ, അല്മാ ന്റെയോ വ്യക്തിപരമായ സ്വാതന്ത്ര്യത്തിലൊ അധികാരത്തിലൊ പെട്ട തല്ല. എത്ര വലിയ ഗുണങ്ങളും കഴിവുകളും ഉണ്ടായാലും വിശ്വാസ ത്തിൽ കലർപ്പ് വന്നാൽ എല്ലാം നഷ്ടപ്പെടും. സഭാജീവിതത്തിന്റെ എല്ലാ തലങ്ങളിലും സംഘടനാതലത്തിലും കുടുംബകൂട്ടായ്മക ളിലും സന്യാസസമൂഹങ്ങളിലും വൈദിക കൂട്ടായ്മകളിലും, യുവ ജനവിദ്യാർത്ഥി മേഖലകളിലും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണ മെന്ന് പിതാവ് ആഹ്വാനം ചെയ്തു. രൂപതയിൽ സേവനം ചെയ്യുന്ന തിനായി കടന്നുവന്നിട്ടുള്ള ബഹു. ജോസ് മുണ്ടക്കൽ അച്ചനെയും, രജീഷ് ചാമക്കാലായിലച്ചനെയും (CSJB), കരൂർ CST സുപ്പീരിയർ ബഹു. ജോജൻ കുറിച്ചിക്കുന്നേൽ അച്ചനെയും പിതാവ് സ്വാഗതം ചെയ്തു. ഇനി മുതൽ രൂപതയുടെ പ്രത്യേക സാഹചര്യം കണക്കി

ലെടുത്ത്  X mas നും ഈസ്റ്ററിനും രാത്രി 10.30 ന് തന്നെ ദിവ്യബലി യർപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു. ശരി യായ വിശ്വാസത്തിലും സഭാജീവിതത്തിലും മാർഗ്ഗഭ്രംശം വരാതിരിക്കുന്നതിന് വൈദികരും സന്യസ്തരും കുടുംബകൂട്ടായ്മാ ഭാരവാഹികളും മതാദ്ധ്യാപകരും ശ്രദ്ധിക്കുകയും ആവശ്യത്തിന് ഭവ നസന്ദർശനം നടത്തുകയും പ്രബോധിപ്പിക്കുകയും വേണമെന്ന് പിതാവ് നിർദ്ദേശിച്ചു. ഓരോ വർഷവും തിരുനാളിന് നോട്ടീസിനും മറ്റും ഒരുപാട് പണം ചെലവാക്കാതെ ലളിതമായി നടത്തി ബാക്കിയുള്ള പണം ഉപവി പ്രവർത്തനങ്ങൾക്ക് മാറ്റി വെയ്ക്കണ മെന്ന് പിതാവ് ഉപദേശിച്ചു.

ബഹു. തോമസ് കാവുങ്കലച്ചൻ രൂപതയുടെ പുതിയ ചാൻസല റും, ബഹു. അലക്സാണ്ടർ ചുണ്ടാട്ടച്ചൻ (O' Carm) വൈസ് ചാൻസല റും, ബഹു. ജോർജ് കുന്നത്തുപറമ്പിലച്ചൻ രൂപതയുടെ സോഷ്യൽ സർവ്വീസ് ഡയറക്ടറും, ബഹു. ബിജോ പാലായിലച്ചൻ ധാരാപുരം മിഷൻ സെന്ററിന്റെ പ്രീസ്റ്റ് ഇൻ ചാർജുമാണെന്ന് പിതാവ് അറിയിച്ചു. പാസ്റ്ററൽ കൗൺസിലിന്റെ ജനറൽ സെക്രട്ടറി തോമസ് കാവുങ്കലച്ചൻ ആയിരിക്കുമെന്നും പിതാവ് തുടർന്ന് അറിയിച്ചു.


അന്നൂർ സെന്റ് മേരീസ് മിഷൻ സെന്ററും, പെരിയനായ്ക്കൻ പാളയം സെന്റ് ജോൺ പോൾ മിഷൻ സെന്ററും ആരംഭിച്ചത് പിതാവ് അറിയിച്ചു. രൂപതയുടെ പൊതു വെബ്സൈറ്റും, മാട്രിമോണിയൽ വെബ്സൈറ്റും എല്ലാവരും ഉപയോഗപ്പെടുത്തണമെന്ന് പിതാവ് ഓർമ്മപ്പെടുത്തി. വൈധവ്യം അനുഭവിക്കുന്നവർക്കുവേണ്ടി രൂപത ഫാമിലി അപ്പസ്റ്റോലേറ്റ് ജൂൺ 21 ന് ഗാന്ധിപുരത്ത് വെച്ച് നടത്തുന്ന സെമിനാറിൽ എല്ലാ വിധവകളും വിഭാര്യരും പങ്കെടുക്കണമെന്നും അവരെ പറഞ്ഞുവിടുന്നതിന് വികാരിയച്ചൻമാരും കുടുംബകൂട്ടായ്മാ ഭാരവാഹികളും മുൻകൈയ്യെടുക്കണമെന്നും പിതാവ് അഭ്യർത്ഥിച്ചു. സഭ നേരിട്ടുകൊണ്ടിരിക്കുന്ന പലവിധ വെല്ലുവിളികളെ പ്രബോധനപ രമായി നേരിടാൻ തൃശൂർ മെത്രാപ്പോലിത്തൻ പ്രൊവിൻസിന്റെ ആഭി മുഖ്യത്തിൽ രൂപീകരിക്കുന്ന Resource Team Formation നുള്ള സെമിനാറിൽ പങ്കെടുക്കാൻ വിളിക്കപ്പെടുന്നവർ സന്നദ്ധത കാണിക്ക ണമെന്നും ഓഗസ്റ്റ് 30 ന് നടത്തുന്ന ദമ്പതികളുടെ സെമിനാറിൽ എല്ലാ ദമ്പതികളും പങ്കെടുക്കണമെന്നും പിതാവ് നിർദ്ദേശിച്ചു. മാസാദ്യ ശനിയാഴ്ചയിലെ ഗാന്ധിപുരത്തുള്ള എകദിനധ്യാനത്തിൽ പങ്കെടു ക്കുവാൻ പിതാവ് പറയുകയുണ്ടായി. പിതൃവേദിയെ സീറോ മല

ബാർ കത്തോലിക്കാ കോൺഗ്രസുമായി അഫിലിയേറ്റ് ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഡയറക്ടറോടും ഭാരവാഹിക ളോടും പിതാവ് അഭ്യർത്ഥിച്ചു. തുടർന്ന് രൂപതയുടെ ഡയറക്ടറി പ്രകാശനം ചെയ്യുന്നതിനായി അഭിവന്ദ്യ പിതാവിനെ ബഹു. അല ക്സാണ്ടർ ചുണ്ടാട്ടച്ചൻ ക്ഷണിച്ചു. ബഹു. വിൻസൺ മൊയലനച്ചന് ആദ്യ കോപ്പി നൽകി ഡയറക്ടറി പിതാവ് പ്രകാശനം ചെയ്തു.


തുടർന്ന്, ബഹു. വിൻസൺ മൊയലനച്ചൻ അവാർഡ് ജേതാ ക്കളെ അനുമോദിച്ച് പ്രസംഗിച്ചു. സമർപ്പിത ജീവിതത്തിന്റെയും വിവാഹ ജീവിതത്തിന്റെയും ജൂബിലി ആഘോഷിക്കുന്നവരെയും വിവിധ മേഖലകളിൽ മികവ് പ്രകടിപ്പിച്ചവരെയും അഭിവന്ദ്യ പിതാവ് സമ്മാനം നൽകി ആദരിച്ചു.

അവാർഡ് ദാനത്തിന് മുമ്പ് രാമനാഥപുരം അൽവേർണിയ വിദ്യാ ലയത്തിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച നൃത്തം വളരെ മനോഹര മായിരുന്നു.


പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ജോഷി ചെറിയാൻ ഏവർക്കും നന്ദി പറഞ്ഞു. രൂപതാ ഗായകസംഘം പാപ്പാഗാനം ആല പിക്കുകയും അഭിവന്ദ്യപിതാവിന്റെ ആശീർവാദത്തോടെ യോഗം അവസാനിക്കുകയും ചെയ്തു.



**ഡോ. ജോഷി ചെറിയാൻ**
(സെക്രട്ടറി)



**ഫാ. തോമസ് കാവുങ്കൽ**
(ജനറൽ സെക്രട്ടറി)



**ശ്രീ. ഫീസ്റ്റി മാമ്പള്ളി**
(ആക്റ്റിങ് സെക്രട്ടറി)

# സമർപ്പിത സംഗമം (14.6.2015)

## റിപ്പോർട്ട്

ആഗോള സഭ സമർപ്പിതവർഷമായി ആചരിക്കുന്നതിനോടനുബന്ധിച്ച് രാമനാഥപുരം രൂപതയിൽ 14.6.2015 ഞായറാഴ്ച സമർപ്പിത സംഗമദിനമായി ആചരിച്ചു. രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച ഈ സംഗമത്തിൽ ഏകദേശം 425 പേർ പങ്കെടുക്കുകയുണ്ടായി. ഇപ്പോൾ ഈ രൂപതയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നവരും മുമ്പ് ശുശ്രൂഷ ചെയ്തിട്ടുള്ളവരും ഈ രുപതാതിർത്തിയിൽ നിന്ന് സമർപ്പിതരായിട്ടുള്ളവരുമായ എല്ലാ സമർപ്പിതരും സന്യാസ വൈദികരും സന്യാസ വൈദികാർത്ഥികളും ക്ഷണിക്കപ്പെട്ടവരുടെ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു.

ജീസസ് യൂത്ത് നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരിജനറാൾ മോൺ. ജോർജ് നരിക്കുഴി എല്ലാ ക്ഷണിതാക്കളേയും പ്രത്യേകമായി സ്വാഗതം ചെയ്തു. തുടർന്ന് അഭിവന്ദ്യ പിതാവ് മാർ പോൾ ആലപ്പാട്ട്, SMRC പ്രസിഡന്റുകൂടിയായ CMI പ്രൊവിൻഷ്യൽ ഫാ. വിൻസൺ മൊയലൻ, CMC പ്രൊവിൻഷ്യൽ സിസ്റ്റർ പാട്രിക്, FCC പ്രൊവിൻഷ്യൽ സിസ്റ്റർ ഹിപ്പോലിറ്റ, CSS പ്രൊവിൻഷ്യൽ സിസ്റ്റർ ആനി തൊമാസിയ, MMB ബ്രദർ ക്ലീറ്റസ്, സന്യാസവ്രത വാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ASMI സിസ്റ്റർ ലുഡ്‌വീന, പ്രഥമ വ്രതവാഗ്ദാനം നടത്തിയ സിസ്റ്റർ തെരേസ് SABS എന്നിവർ ചേർന്ന് ദീപം കൊളുത്തി.

തുടർന്ന്, പിതാവ് നൽകിയ സന്ദേശത്തിൽ സമർപ്പിതരുടെ തിരുസഭയിലുള്ള സ്ഥാനത്തേയും പ്രസക്തിയേയും, ആയി തീരേണ്ട അവസ്ഥയേയുംപറ്റി പ്രതിപാദിച്ചു.

സമർപ്പിതരില്ലെങ്കിൽ ഈ ലോകത്തിന് എന്ത് സംഭവിക്കും? എന്ന വി. ജോൺ പോൾ മാർപ്പാപ്പയുടെ ചോദ്യത്തിന് മറുപടിയായി മാർപ്പാപ്പ തന്നെ പറഞ്ഞ ഉത്തരം ഉദ്ദരിച്ചുകൊണ്ട് പിതാവ് സംസാരിച്ചു. സമർപ്പിതരില്ലെങ്കിൽ സഭയെ സജീവമാക്കുന്ന, പരിപോഷിപ്പിക്കുന്ന കാരുണ്യത്തിന്റെ നനവ് ഇല്ലാതാകും, ഉപവി തണുത്ത് പോകും വിശ്വാസത്തിന്റെ ഉപ്പിന് ഉറ കെട്ടു പോകും. ജീവിതം മുഴുവൻ കർത്താവിന് വിട്ടുകൊടുക്കാനുള്ള മാർഗ്ഗമാണ് പൗരോഹിത്യവും സന്യാസവും.

സമർപ്പിത ജീവിതം സഭയ്ക്ക് ലഭിച്ച ദാനവും അലങ്കാരവും സുഗന്ധവുമാണെന്ന് പിതാവ് പറഞ്ഞു. ദാനമായി ലഭിച്ചത് പൂർണ്ണമായി വിട്ടുകൊടുത്തില്ലെങ്കിൽ ബാധ്യതയായും ചില ഭാഗങ്ങൾ ചീഞ്ഞളിഞ്ഞ് ദുർഗന്ധമായും, ദാനവും, സുഗന്ധവുമായി മാറാൻ കഴിഞ്ഞില്ലെങ്കിൽ അലങ്കാരം അലങ്കോലമായും മാറുമെന്ന് പിതാവ് പറഞ്ഞു.

ഈ സമർപ്പിത വർഷത്തിന്റെ പ്രസക്തിയും ലക്ഷ്യവും ചൂണ്ടികാണിച്ച്, ആർച്ച് ബിഷപ്പ് ഫൾട്ടൻ ജെ ഷിന്റെ വാക്കുകൾ ഉദ്ധരിച്ച് പിതാവ് വീണ്ടും പറഞ്ഞു. വൈദികരുടെയോ സന്യസ്തരുടെയോ

കുറവുകൊണ്ടല്ല, സഭയ്ക്ക് ആവശ്യമില്ലാത്ത, സഭയ്ക്ക് ദോഷം ചെയ്യുന്ന വൈദികരും , സന്യസ്തരും മൂലമാണ് സഭ സഹിക്കേണ്ടി വരിക. സമർപ്പിതരുടെ നവീകരണവും കൂടി ലക്ഷ്യം വെച്ചുകൊണ്ടാണ് സഭ സമർപ്പിതവർഷം ആചരിക്കുന്നതെന്ന് പിതാവ് ഓർമ്മപ്പെടുത്തി. ഇരുട്ടിൽ പ്രകാശഗോപുരങ്ങളാകാനുള്ള സമർപ്പിതരുടെ വിളിയെ പറ്റി സമർപ്പിതർ വളരെ ഗൗരവത്തിൽ ചിന്തിക്കണം.

നിലപാടുകളിൽ മാറ്റമുണ്ടാക്കുകയും ഓരോ സമർപ്പിതനും വൈദികനും താൻ എഃിർസാക്ഷ്യമാകുന്നുണ്ടോയെന്ന് ഈ സമർപ്പിത വർഷത്തിൽ തന്നെ വിചിന്തനം ചെയ്ത് പുതിയ തീരുമാനങ്ങൾ എടുക്കണം. സ്വയം ഉണരാനും മറ്റുള്ളവരെ ഉണർത്താനും ഓരോ സമർപ്പിതനും സമർപ്പിത വർഷത്തിൽ കഴിയട്ടെ എന്ന് പിതാവു ആശംസിച്ചു. ഇത്രയധികം പേർ ഈ സംഗമത്തിൽ പങ്കെടുത്തതിന് നന്ദി അറിയിക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാവരും സ്വയം പരിചയപ്പെടുത്തി. വിശുദ്ധ കുർബാനയ്ക്ക് മുമ്പ് വൈദിക ഉത്തരവാദിത്തങ്ങളിലും കർമ്മങ്ങളിലും നിന്ന് വിലക്ക് ലഭിച്ചിരിക്കുന്ന ബഹുമാനപ്പെട്ട സെബി കുണ്ടുകുളം അച്ചനുവേണ്ടി പ്രാർത്ഥിക്കണമെന്നും അച്ചൻ ചേർന്നിരിക്കുന്ന പ്രസ്ഥാനം സഭയ്ക്ക് എതിരാണെന്നും എല്ലാവരും ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും പിതാവ് പറഞ്ഞു. തുടർന്ന് വിശുദ്ധ കുർബാനയായിരുന്നു. വിശുദ്ധ കുർബാനയ്ക്ക് ശേഷം എല്ലാവരും സ്നേഹവിരുന്നിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞുള്ള പങ്കുവെയ്ക്കലിൽ തങ്ങളുടെ വിളിയെ കുറിച്ചും പ്രാരംഭ കാലങ്ങളിൽ കോയമ്പത്തൂർ മിഷനിൽ ഉണ്ടായിരുന്ന കഷ്ടപ്പാടുകളെക്കുറിച്ചും ബന്ധപ്പെട്ടവർ പങ്ക് വെച്ചത് വളരെയധികം വിജ്ഞാനപ്രദവും രസകരവും പ്രചോദനപരവുമായിരുന്നു.

ജൂൺ 29 ന് തിരുനാൾ ആഘോഷിക്കുന്ന പിതാവിന് CMI പ്രൊവിൻഷ്യൽ ഫാ. വിൻസൺ മൊയലൻ ആശംസകൾ നേരുകയും SABS പ്രൊവിൻഷ്യൽ സി. വിൻസെൻഷ്യ ബൊക്കെ നൽകുകയും ജൂൺ മാസത്തിൽ തിരുനാൾ ആഘോഷിക്കുന്ന എല്ലാവരും ചേർന്ന് കേക്ക് മുറിക്കുകയും ചെയ്തു.

പാസ്റ്ററൽ കൗൺസിൽ ആക്ടിംഗ് സെക്രട്ടറി ശ്രീ. ഫീസ്റ്റി മാമ്പള്ളി ഏവർക്കും നന്ദി പറഞ്ഞു. CMC സഹോദികൾ സമാപനപ്രാർത്ഥന നടത്തുകയും പിതാവ് ആശീർവദം നൽകുകയും ചെയ്തു. ചായ സൽക്കാരത്തോടെ സംഗമം ഉച്ചകഴിഞ്ഞു 3.30 നു സമാപിച്ചു.

സമർപ്പിതവർഷക്കമ്മിറ്റയ്ക്കുവേണ്ടി





**ഡോ. ജോഷി ചെറിയാൻ**
സെക്രട്ടറി

**മോൺ. ജോർജ്ജ് നരിക്കുഴി**
ചെയർമാൻ

# BISHOP'S ENGAGEMENTS

**July - 2015**

01 Engaged (Therattu)
02 Meeting of bishops at Mount St. Thomas, Kakkanad
03 Dukhrana of St. Thomas the Apostle
The Feast at St. Thomas' Old Age Home, Ramanathapuram
05 Resource Team Class at Gandhipuram
07 Meeting of the Minor Seminary committee at Ramanathapuram
09 Holy Mass & Class, Minor seminary, Vadakkukad
11 Meeting convened by the Eparchial Liturgical Commission
at Ramanathapuram
12-14 TNBC meeting at Coimbatore
19 BTC inauguration, Ramanathapuram
Holy Mass, Angels' Meet, Ramanathapuram
22-24 Visitation to MMMS, Thrissur
26-27 Holy Mass & Meeting, Syro-Malabar Parish day, Pondichery

# BISHOP'S DIARY

**ജൂൺ, 2015**

02:- ധാരാപുരം സെന്റ് ജൂഡ് മിഷൻ സെന്ററിൽ നടന്ന വൈദികർക്കുവേണ്ടിയുള്ള മാസധ്യാനത്തിൽ പങ്കെടുത്തു. വൈദിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

03:- അന്നൂർ കോൺവെന്റ് സ്കൂളിൽ ദിവ്യബലിയർപ്പിച്ചു, കുട്ടികളോട് സംസാരിച്ചു.

05:- പെരിഞ്ചേരി പള്ളിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

06:- രൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിലുള്ള ഏകദിനവചനപ്രഘോഷണത്തിന്റെ ഭാഗമായി ഗാന്ധിപുരം പള്ളിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

08:- ഗാന്ധിപുരം ഇടവകയിൽ ജേക്കബ് + മേരി ദമ്പതികളുടെ 6-ാമത്തെ കുഞ്ഞിന് മാമ്മോദീസ നല്കി.

09:- തിരുവില്വാമല സെന്റ് പോൾസ് ഗുരുകുലം സന്ദർശിച്ച് വൈദികവിദ്യാർത്ഥികൾക്ക് സന്ദേശം നല്കി.

ചേലക്കര ഫൊറോനാ പള്ളിയിൽ ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ ശ്രാദ്ധതിരുനാളിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

10:- വടക്കുകാട് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിക്കുകയും പുതിയ അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

13:- രാമനാഥപുരം കത്തീഡ്രലിലെ 6-ാം രൂപതാദിനാഘോഷപരിപാടികളിൽ അദ്ധ്യക്ഷത വഹിച്ചു.

14:- സമർപ്പിതവർഷത്തോടനുബന്ധിച്ച് രാമനാഥപുരം കത്തീഡ്രലിൽ സംഘടിപ്പിക്കപ്പെട്ട സമർപ്പിതസംഗമത്തിൽ വർഷത്തിന്റെ പ്രാധാന്യം വിശദീകരിച്ച് സംഗമം ഉദ്ഘാടനം ചെയ്യുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

തൃശൂർ അതിരൂപതയിലെ മരിയാപുരം ഇടവകയിൽ നടന്ന മെറിറ്റുഡേയിൽ അദ്ധ്യക്ഷത വഹിച്ചു.

18-20:- കാരമട ഇടവകയിലെ കുടുംബങ്ങൾ സന്ദർശിക്കുകയും കുടുംബകൂട്ടായ്മാ മീറ്റിങ്ങുകളിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

21:- കാരമട പള്ളിയിൽ അജപാലന സന്ദർശനത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിക്കുകയും യോഗത്തിലും സംഘടനാ മീറ്റിങ്ങുകളിലും അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

- ഗാന്ധിപുരത്ത് സംഘടിപ്പിക്കപ്പെട്ട വൈധവ്യത്തിലുള്ളവരുടെ മീറ്റിങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.
- ഗാന്ധിപുരത്ത് റിസോഴ്സ് ടീമിന് ക്ലാസ്സെടുത്തു.

23:- രാമനാഥപുരം അൽവേർണിയ കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു.

25:- കോയമ്പത്തൂർ ആവിലാ സ്കൂളിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

27:- വടക്കുകാട് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ മാതാപിതാക്കളുടെ സംഗമത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

28:- കളമശ്ശേരി (കേരളം) "എമ്മാവൂസി"ൽ ജീസസ് യൂത്ത് മുഴുവൻ സമയ പ്രേഷിതർക്ക് വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി.

29:- രാമനാഥപുരത്ത് വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. വൈദിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

# കുടുംബ കൂട്ടായ്മകൾക്കുള്ള പഠനവിഷയം

**പൗരോഹിത്യ സ്ഥാപനം**

യേശുക്രിസ്തു അർപ്പിച്ച് ബലി ശാശ്വതവും പരിപൂർണ്ണവും എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതുമായിരുന്നു. യേശുവിന്റെ സാർവ്വലൗകികവും നിത്യവുമായ ബലിയുടെ മൂർദ്ധന്യനിമിഷങ്ങളായ സഹനം, മരണം, ഉത്ഥാനം എന്നിവയുടെ ഫലം എക്കാലത്തും എല്ലാ മനുഷ്യരിലും എത്തിച്ചേരേണ്ടതാണ്. ആരേയും അതിൽനിന്ന് ഒഴുച്ചു നിർത്താനാവില്ല. ആയതിനാൽ ക്രിസ്തുവിന്റെ സ്ഥലകാലങ്ങൾക്ക് അതീതമായ രക്ഷണീയകർമ്മം ഓരോ കാലഘട്ടത്തിലെ ഓരോ വ്യക്തിയ്ക്കും അനുഭവവും, യാഥാർത്ഥ്യവുമാക്കിത്തീർക്കേണ്ടത് അനിവാര്യമായിരുന്നു. എന്നാൽ യേശുവിന്റെ ഈ ലോക ജീവിതം ഒരു പ്രത്യേക കാലഘട്ടത്തിലും സ്ഥലത്തിലും സമയത്തിലും ഒതുങ്ങിനിൽക്കണം. അതിനാൽ യേശുവിന്റെ സാന്നിദ്ധ്യവും ബലിയർപ്പണത്തിന്റെ സാംശീകരണവും കൗദാശികമായി ഇന്നും സാദ്ധ്യമാവണം. ഈയർത്ഥത്തിലാണ് ദിവ്യകാരുണ്യസ്ഥാപനവും പൗരോഹിത്യത്തിന്റെ ആരംഭവും നാം കാണുന്നത്.

അന്ത്യത്താഴ സമയത്ത് അപ്പവും പാനപാത്രവുമെടുത്ത് വാഴ്ത്തി തന്റെ ശരീരവും രക്തവും ശിഷ്യർക്ക് കൊടുക്കുകയും തന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യണമെന്ന് ഈശോ ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് പരിശുദ്ധ കുർബ്ബാനസ്ഥാപിച്ച അതേ നിമിഷങ്ങൾ തന്നെയാണ് പൗരോഹിത്യ സ്ഥാപനത്തിന്റെയും പ്രത്യേക നിമിഷങ്ങൾ കാരണം ശിഷ്യന്മാർ യേശുവിൽനിന്ന് ഈ ദൗത്യം ഏറ്റുവാങ്ങുകയായിരുന്നു.

ഈ ദൗത്യനിർവ്വഹണത്തിനും സേവനത്തിനുമായി യേശു പ്രത്യേകം തെരഞ്ഞെടുത്ത വ്യക്തികളാണ് തന്റെ ശിഷ്യന്മാർ. ഇങ്ങനെപ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് തന്റെ കൗദാശിക ബലി എന്നും ഒരു യാഥാർത്ഥ്യമാക്കി തീർക്കുന്നതിനുവേണ്ടി തന്റെ തന്നെ ശരീരവും രക്തവും പരികർമ്മം ചെയ്യാനുള്ള അധികാരം അവർക്ക് നൽകി. അങ്ങനെക്രിസ്തു നൽകിയ അധികാരമാണ്

ഇന്നത്തെ പുരോഹിതരിൽ നിക്ഷിപ്തമായിരിക്കുന്നത്. ഈ തെരഞ്ഞെടുപ്പിന്റെയും അധികാരപ്പെടുത്തലിന്റെയും പ്രത്യേകത ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ ശിഷ്യർക്ക് (പുരോഹിതർക്ക്) ഗാഢമായ ബന്ധം ഉണ്ടായിരിക്കുക എന്നതാണ്. പിതാവ് തന്നെ ഏൽപ്പിച്ച ദൗത്യമാണ് ക്രിസ്തു അവരേയും ഏൽപ്പിക്കുന്നത്. ആയതിനാൽ ക്രിസ്തുവിന്റെ ലക്ഷ്യം തന്നെയാണ് ക്രിസ്തുവിന്റെ പുരോഹിതരാകാൻ വിളിക്കപ്പെടുന്നവരുടെ ലക്ഷ്യവും. "എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ. 28:1819).

ശിഷ്യൻമാർക്ക് ലഭിച്ച അധികാരമാണ് അവരുടെ പിൻഗാമികളായിരുന്ന പുരോഹിതരിലേക്ക് കൈമാറ്റപ്പെട്ടത്. ആദിമസഭയിൽ ശിഷ്യൻമാരുടെ മുഖ്യധർമ്മം ദൈവ വചനശുശ്രൂഷയും പ്രാർത്ഥനയുമായിരുന്നു. ശിഷ്യന്മാർ തങ്ങളുടെ പ്രാർത്ഥനയിലൂടെയും ദൈവവചനപ്രഘോഷണത്തിലൂടെയും അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെയും വ്യക്തിപരമായ ജീവിതസാക്ഷ്യത്തിലൂടെയും അവർക്കു ലഭിച്ച അധികാരത്തെ സമൂഹത്തിന്റെ ദൈവോന്മുഖതയ്ക്കും ഐക്യത്തിനും ഉന്നമനത്തിനുമുള്ള ഒരു സേവനമാക്കി മാറ്റി. അങ്ങനെ നിത്യപുരോഹിതനായ യേശുവിനെപ്പോലെ ദൈവരാജ്യപ്രഘോഷകരും ശുശ്രൂഷകരുമായി സേവനമനുഷ്ടിക്കുന്നവരാണ് വൈദികർ.

യേശു ദൈവജനത്തെ ദൈവപിതാവുമായി ബന്ധിപ്പിച്ചതുപോലെ വൈദികനും തന്റെ സമൂഹത്തിലെ ജനങ്ങളെയെല്ലാം ദൈവവുമായി ബന്ധിപ്പിക്കുന്ന ആത്മീയ പിതാവാണ്. മറ്റുള്ളവർക്കായി സ്വന്തം ജീവൻപോലും ബലിയർപ്പിച്ച യേശുവിന്റെ പ്രതിപുരുഷനെന്ന നിലയിൽ പുരോഹിതനും തന്റെ മുഴുവൻ കഴിവും സമയവും ജനത്തിനുവേണ്ടി ചെലവഴിയ്ക്കുമ്പോൾ തന്നെ തന്നെ ബലിയാത് അർപ്പിക്കുകയാണ് ചെയ്യുന്നത്.

പഴയ നിയമത്തിലെ പുരോഹിതർ നിർവ്വഹിച്ചിരുന്ന കർമ്മങ്ങൾ തന്നെയാണ് പുതിയ നിയമ പുരോഹിതരും ചെയ്യുന്നത്. വിശുദ്ധ സ്ഥലസംരക്ഷണവും, ദൈവഹിതം വെളിപ്പെടുത്തലും.

ഫാ. ജോൺസൺ അന്തിക്കാടൻ, ഡയറക്ടർ



# CATECHETICAL NEWS

## B.T.C. Course

2015 ജൂലൈ 18-19 തീയതികളിൽ അദ്ധ്യാപകരുടെ B.T.C. കോഴ്സ് അൽവേർണിയ സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. കഴിഞ്ഞ വർഷം ഇതിൽ പങ്കെടുത്തവരും ഇനിയും B.T.C. കോഴ്സിൽ പങ്കെടുക്കാത്തവരും നിർബന്ധമായും ഇതിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സമയം രാവിലെ 9.30 മുതൽ വൈകുന്നേരം നാലു മണി വരെയാണ്.

## X, XI, XII സെമിനാർ ഗാന്ധിപുരം സോൺ

2015 ജൂലൈ 26-ന് X, XI, XII കുട്ടികൾക്കും ടീച്ചേഴ്സിനും ഉള്ള ഗാന്ധിപുരം സോണിലെ സെമിനാർ സായിബാബ ലിസ്യുവിൽ വച്ച് 9.30 മുതൽ വൈകിട്ട് 4 മണി വരെ നടത്തപ്പെടുന്നു. ഗാന്ധിപുരം, സായിബാബ കോളനി, പൂമാർക്കറ്റ്, വിശ്വാസപുരം, ഇടയപാളയം, അത്തിപ്പാളയം, എന്നിവയാണ് പങ്കെടുക്കേണ്ട യൂണിറ്റുകൾ. ഓരോ കുട്ടിയും Registration Fees ആയി 50 രൂപാ വീതം കൊണ്ടുവരണം. എല്ലാ യൂണിറ്റുകളും സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ലോഗോസ് ക്വിസ്

2015 ജൂലൈ 30-ന് ലോഗോസ് ക്വിസിന്റെ Online Registration-ന്റെ അവസാന ദിവസമാണ്. ആഗസ്റ്റ് 1-ാം തീയതി എല്ലാ പള്ളികളും സ്ഥാപനങ്ങളും Registration Form ഉം ഫീസും കാറ്റികിസം ഓഫീസിൽ എത്തിക്കേണ്ടതാണ്.

**Fr. Joby Thekkinedath**
Director

**Fr. Jinoj Palathadathil**
Asst. Director



# SEMINARY NEWS

| Name | H.Name/Parish | Diocese |
|---|---|---|
| Clinto | Chittilappilly / Gandhipuram | Ramanathapuram |
| Joswin | Kaitharath / Pathiyaram | Thrissur |
| Rilhin | Kallikadan / Kodannur | Thrissur |
| Alwin | Ernakulam / Cherpu | Thrissur |
| Christin | Panengadan / Cherumkuzhy | Thrissur |
| Lijo | Pathiparamban / Mukkattukara | Thrissur |
| Elvin | Kudiyirikkal / Karottokara | Irinjalakuda |
| Gino | Majaly / Poovathussery | Irinjalakuda |
| Delwin | Panadan / Kuttikadu | Irinjalakuda |
| Nithin | Payyappilly / Kuthirathadam | Irinjalakuda |
| Fabin | Nellankavil / Mukkattukara | Thrissur |

**<u>പുതിയ കുഞ്ഞാടുകളെ കാണുവാൻ ഇടയൻ...</u>**

അഭിവന്ദ്യ പിതാവ് പുതിയ ബ്രദേഴ്സിനെസെമിനാരിയിലേക്ക് ക്ഷണിച്ചുകൊണ്ട് വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും, പുതിയ അദ്ധ്യായന വർഷത്തിന് തിരിതെളിയിക്കുകയും ചെയ്തു.

**<u>ഈശോയുടെ തിരുഹൃദയ തിരുനാൾ...</u>**

ഈശോയുടെ തിരുഹൃദയ തിരുനാൾ സാഘോഷപൂർവ്വം സെമിനാരി കുടുംബം കൊണ്ടാടി. ഒപ്പം കുടുംബത്തെ തിരുഹൃദയ ത്തിനു സമർപ്പിച്ചു.

**<u>വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ ചരിക്കുവാൻ...</u>**

പരിശുദ്ധ അമ്മയുടെ വിമല ഹൃദയ തിരുനാളും വിശുദ്ധ അന്തോണീസിന്റെ തിരുനാളും സംയുക്തമായി സെമിനാരിയിലാ ഘോഷിച്ചു.

**<u>യാത്രയാക്കി...</u>**

മൈനർ സെമിനാരിയിൽ നിന്നും ഉപരിപഠനത്തിനായി മേജർ സെമിനാരികളിലേക്കുപോയ ബ്രദേഴ്സിനു യാത്രാമംഗളങ്ങൾ നൽകി.

Bro. Martin Pattarumadathil - St. Thomas Apostolic Major Seminary, Vadavathoor (Theology)

Bro. Antony Chalakkal
Bro. Stanislaus Vazaparambil
Bro. Senjith Pulikkan - Ruhalaya Major Seminary, Ujain (Philosophy)
Bro. Joslin Kunnan
Bro. Noyal Nalanadiyil - Mary Matha Major Seminary, Thrissur (Philosophy)

**ഫാദർ ടോമി പുന്നത്താനത്ത്**
ഫാദർ പ്രീഫെക്റ്റ്

**ഫാദർ ജോയ് ചിറ്റിലപ്പിള്ളി**
റെക്ടർ

## FAMILY APOSTOLATE

**വിധവാ സംഗമം**

അന്തർദേശീയ വിധവാദിനത്തോടനുബന്ധിച്ച് (ജൂൺ 23) നമ്മുടെ രൂപതയിലെ വിധവകളായ സഹോദരികൾക്ക് ഒരുമിച്ചു കൂടാൻ അവസരമൊരുക്കി.

ഗാന്ധിപുരം പള്ളിയിൽ ജൂൺ 21-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കു ശേഷം നടന്ന സംഗമത്തിൽ പല ഇടവകകളിൽ നിന്നായി നൂറോളം സഹോദരിമാർ പങ്കെടുത്തു. ഹോളിഫാമിലി സന്യാസിനി സമൂഹത്തിന്റെ ആലുവ പ്രോവിൻസ് അംഗമായ സി.ലീനതെരേസ് ആണ് ക്ലാസ്സ് നയിച്ചത്. അഭിവന്ദ്യ പിതാവ് സന്ദേശം നൽകി.

സംഗമത്തിലേയ്ക്ക് സഹോദരിമാരെ പറഞ്ഞയച്ച ബഹു. അച്ചന്മാർക്കും, സൗകര്യങ്ങൾ ഒരുക്കി തന്ന ഗാന്ധിപുരം വികാരിയച്ചനും മേരി റാണി കോൺവെന്റിനും പ്രത്യേകം നന്ദി പറയുന്നു.

**മാര്യേജ് ബ്യൂറോ**

സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ വിവിധ രൂപതകളെ ഉൾപ്പെടുത്തി ഒരു മാര്യേജ്ബ്യൂറോ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ രൂപതയും അതിൽ അംഗമാണ്. വിവാഹാർത്ഥികൾക്ക് www.syromalabarmatrimony.org എന്ന അഡ്രസ്സിൽ ഘലീഴശി ചെയ്താൽ വിശദാംശങ്ങൾ അറിയാം. അല്ലെങ്കിൽ രാമനാഥപുരം പള്ളിയിലെ അസ്സി. വികാരി ബഹു. അലക്സച്ചനെവിളിക്കുക. അലക്സച്ചന്റെ ഫോൺ നമ്പർ 09447189562.

## പ്രീകാനകോഴ്സ്

നമ്മുടെ രൂപതയിൽ ഇനി വിവാഹത്തിന് ഒരുക്കമായ ക്ലാസ്സുകൾ നടക്കുന്നത് ഒക്ടോബർ മാസത്തിലാണ്. പൂജാ അവധി ദിനങ്ങളായ 21, 22, 23 തീയതികളിൽ ഉക്കടം ഹോളിഫാമിലി സ്കൂളിൽ വച്ചായിരിക്കും പ്രീകാനകോഴ്സ്.

യുവതീ യുവാക്കൾക്ക് ലീവും മറ്റു കാര്യങ്ങളും തരപ്പെടുത്തുന്നതിനായി ബഹു. വികാരിയച്ചന്മാർ ഇക്കാര്യം നേരത്തെ പള്ളിയിൽ അറിയിച്ചാൽ ഉപകാരമായിരിക്കും.

ഫാ. ജോൺസൺ അന്തിക്കാടൻ, ഡയറക്ടർ

## SANTHOM SOCIAL SERVICE SOCIETY

1. പുതിയ ഡയറക്ടറായി ഫാ. ജിയോ കുന്നത്തുപറമ്പിൽ 08.06.2015 ന് ചുമതലയേറ്റു.

2. മെയ് 31-ാം തീയ്യതി Anti Tobacoo Day യായി ആചരിച്ചു പോത്തന്നൂർ ഭാഗത്ത് അറുപതോളം കുട്ടികളും യുവജനങ്ങളും ഇതിൽ പങ്കെടുത്ത് സമൂഹത്തിന് അവബോധം പകർന്നു നൽകി.

3. ചിന്നത്തൊട്ടി പാളയത്ത് വസിക്കുന്ന വിധവയും 3 പെൺമക്കളുടെ അമ്മയുമായ ശ്രീമതി ശിവകാമിക്ക് ജൂൺ 12-ാം തീയതി ഒരു പശുവിനെ നൽകി.

4. M.G.R. നഗർ (കാരമടൈ) ഭാഗത്ത് ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളും രണ്ട് പെൺകുട്ടികളുടെ അമ്മയുമായ യുവതിക്ക് (ശ്രീമതി രുക്മണിക്ക്) ജൂൺ 14-ാം തീയതി ഒരു ആട്ടിൻകുട്ടിയെ നൽകി.

5. അപകടത്തിൽപെട്ട് കാലിന് പരുക്ക് പറ്റി നടക്കാൻ സാധിക്കാത്ത മേട്ടുപാളയത്ത് താമസിക്കുന്ന യുവാവിന് (ശ്രീ. രാമസാമിക്ക്) ജൂൺ 15 ന് വാഹനം നൽകി സഹായിച്ചു.

6. Teachers Refreshment Programme 2015 (TRP) കാങ്കയം Mercy Matric HR Sec. School ൽ വച്ച് ജൂൺ 09 ന് നടത്തി. ഇതിൽ മുപ്പത്തിയേഴോളം അധ്യാപകർ പങ്കെടുത്തു.

**ഫാ. ജിയോ കുന്നത്തുപറമ്പിൽ**
ഡയറക്ടർ

# ALTAR BOYS ASSOCIATION

സ്നേഹം നിറഞ്ഞ കുഞ്ഞനുജന്മാരേ,

മാർത്തോമ്മ നസ്രാണികളെന്നു നാമം പേറുന്ന നാം ഏവരും നമുക്ക് വിശ്വാസം പകർന്നു തന്ന മാർതോമ്മശ്ലീഹായുടെ തിരുനാളിന് ഒരുങ്ങുകയാണല്ലോ... മാർത്തോമ ക്രിസ്ത്യാനികളുടെ മുഖമുദ്രയായ മാർത്തോമശ്ലീഹയുടെ തണലിൽ അഭയം പ്രാപിച്ച് സഭയുടെ പാരമ്പ ര്യവും വിശ്വാസപൈതൃകങ്ങളും അഭംഗുരം കാത്തുസൂക്ഷിച്ച് വിശ്വാ സത്തിനുവേണ്ടി പോരാടുന്നവരാകാൻ നമുക്കും പരിശ്രമിക്കാം.

പ്രിയമുള്ളവരേ, ജൂലൈ മാസം 11-ാം തീയതി രാവിലെ 9 മണിക്ക് നമ്മുടെ രാമനാഥപുരം ഹോളിട്രിനിറ്റി കത്തീഡ്രൽ ദൈവാല യത്തിൽ വച്ച് അൾത്താരസംഘത്തിന്റെ ജനറൽബോഡി മീറ്റിംഗ് നട ത്തപ്പെടുന്നു. തദവസരത്തിൽ നമ്മുടെ സംഘടനയുടെ മുമ്പോട്ടുള്ള നടത്തിപ്പിന് അനുയോജ്യമായ പുതിയ ഭാരവാഹികളെ തെരഞ്ഞെടു ക്കുന്ന കാര്യവും ഓർക്കുമല്ലോ? അന്ന് നമ്മുടെ പ്രാർത്ഥനകൾക്കും, പ്രവർത്തനങ്ങൾക്കും ഉതകുംവിധം ഒരു ചെറിയ പഠനപരിശീലന പരി പാടിയും, പരി.കുർബ്ബാനയുടെ ആരാധനയും ക്രമീകരിച്ചിട്ടുള്ള കാര്യവും ഓർമ്മയിൽപെടുത്തുന്നു. നിങ്ങളുടെ സാന്നിധ്യവും സഹക രണവും പ്രതീക്ഷിക്കുന്നു. നിങ്ങൾ തീർച്ചയായും വരുമല്ലോ? സ്നേഹ ബഹുമാനപ്പെട്ട വൈദികരേ, അൾത്താരസംഘത്തിന്റെ അനിമേ റ്റേഴ്സിനെ ഇക്കാര്യം ഓർമ്മപ്പെടുത്തുകയും പ്രസ്തുത മീറ്റിംഗിലേക്ക് മറക്കാതെ അവരെ പറഞ്ഞുവിടുകയും ചെയ്യുമല്ലോ!

Saint :- St. Thomas The Apostle
Ejaculation :- My Lord, My God
Word of God :- "Draw near to God and he will draw near to you" (James 4:8)

**Fr. Tomy Punnathanath**
Director

## CYM NEWS

CYM ന്റെ നേതൃത്വത്തിൽ രൂപതയിലെ എല്ലാ പള്ളികളിലെയും യുവജനങ്ങളെ ഉൾക്കൊള്ളിച്ച് ഫുട്ട്ബോൾ ടൂർണ മെന്റിന് വഴിയൊരുക്കി. സൂലൂരിൽ വച്ച് നടന്ന ടൂർണമെന്റിൽ 11 പള്ളി കളിലെ യുവജനങ്ങൾ പങ്കെടുത്തു. സെന്റ് ക്ലൊത്തിൽഡ ചർച്ച് പോത്തന്നൂർ ഒന്നാം സ്ഥാനവും, സെന്റ് മാർക്ക് ചർച്ച് കുനിയമുത്തൂർ രണ്ടാം സ്ഥാനവും, സെന്റ് ജോസഫ് കൗണ്ടംപാളയം ചർച്ച് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് മോൺ ജോർജ്ജ് നരിക്കുഴി സമ്മാനങ്ങൾ വിതരണം ചെയ്തു. ടൂർണമെന്റ് വിജയിപ്പിക്കുവാൻ സഹായിച്ച, സഹകരിച്ച എല്ലാവർക്കും ഒത്തിരി സ്നേഹത്തോടെ നന്ദിയർപ്പിക്കുന്നു.

**ഫാ. സിന്റോ വൈദ്യക്കാരൻ** CMI
അസി. ഡയറക്ടർ

**ഫാ. ജെയ്സൺ പുലിക്കോട്ടിൽ,**
ഡയറക്ടർ

## SYRO-MALABAR MATHRUVEDI

**A. ഇടയന് തിരുനാൾ മംഗളങ്ങൾ**

ജൂൺ 29-ാം തിയതി തിരുനാൾ ആഘോഷിച്ച രൂപത ഇടയ നായ മാർ പോൾ ആലപ്പാട്ട് പിതാവിനെരൂപതാ ഭാരവാഹികളും ആനിമേറ്ററും വൈദികരും തിരുനാൾ ആശംസകൾ നേർന്നു പൂക്കൾ നൽകി. പിതാവ് എല്ലാവർക്കും നന്ദി പറഞ്ഞു.

**B. സമർപ്പിതവർഷ ഉപവാസ-പ്രാർത്ഥന ഗാന്ധിപുരം മാതൃവേദി**

സമർപ്പിത വർഷ ഉപവാസപ്രാർത്ഥനഗാന്ധിപുരം മാതൃവേദി June 18-ാം തിയതി വ്യാഴാഴ്ച നടത്തി. പ്രത്യേകിച്ച് യൂണിറ്റ് ഡയറ ക്ടർ അച്ചനും, ആനിമേറ്ററിനും എല്ലാ യൂണിറ്റ് ഭാരവാഹികൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനവും. ദിവ്യകാരുണ്യനാഥൻ സമർപ്പി തരെ കാത്ത് പരിപാലിക്കട്ടെ.

**C. വാർഷിക കണക്ക് പാസ്സാക്കി**

ജൂൺ 16 -ാം തിയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് മാതൃവേദി രൂപ താഭാരവാഹികളും ഡയറക്ടർ അച്ചനും ആനിമേറ്ററും കഴിഞ്ഞ സാമ്പത്തികവർഷത്തെ കണക്കുകൾ അഭിവന്ദ്യ പിതാ

വിനെഏൽപ്പിച്ചു. തുടർന്ന് രൂപതാ Finance Office കണക്കുകൾ നോക്കുകയും പിതാവ് കണക്കുകൾ അംഗീകരിച്ച് തെരട്ട് പാസാക്കുകയും ചെയ്തു. അടുത്ത വർഷം കൂടുതൽ കരുത്തോടെ ഡിബേറ്റുകളും ക്ലാസ്സുകളും നടത്തണമെന്ന് നിർദ്ദേശം നൽകി എല്ലാവരെയും അനുഗ്രഹിച്ചു. ആശംസകൾ നൽകി.

**D. സമർപ്പിതവർഷം ഉപന്യാസ മത്സരം**

വിഷയം "സമർപ്പിതരുടെ ജിവീതത്തിൽ ഒരു അമ്മയുടെ സ്ഥാനവും നിയോഗവും"

സമർപ്പിതവർഷം ആചരിച്ചുകൊണ്ടിരിക്കുന്ന ഈ വർഷത്തിൽ രൂപതാ മാതൃവേദി ഒരുക്കുന്ന ഉപന്യാസ മത്സരം പങ്കെടുക്കുക, സമ്മാനങ്ങൾ നേടുക.

**നിയമങ്ങൾ**

1. മൽസരിക്കാനുള്ള യോഗ്യത മാതൃവേദി അംഗങ്ങൾക്കുമാത്രം.
2. ഉപന്യാസം 5 പേജിൽ കുറയാനോ 7 പേജിൽ കൂടാനോ പാടുള്ളതല്ല. ഇംഗ്ലീഷ്, തമിഴ്, മലയാളം മൂന്ന് ഭാഷകളിൽ എഴുതാവുന്നതാണ്. വെള്ളകടലാസിൽ ഒരു പുറം മാത്രം എഴുതുക.
3. ഓരോ ഇടവകയിൽ നിന്ന് ഏറ്റവും നല്ല 2 ഉപന്യാസം ഫൊറോനതലത്തിൽ വിധി നിർണ്ണയം നടത്തപ്പെടുന്നു. ഓരോ ഫൊറോനയിൽ നിന്നും 3 എണ്ണം വീതം രൂപതാതലത്തിൽ എത്തിക്കും. തുടർന്ന് രൂപതാതലത്തിൽ വിധി നിർണ്ണയം നടത്തുന്നു.
4. ഉപന്യാസം ഫൊറോനാ തലത്തിൽ എത്തേണ്ട അവസാനദിവസം 2015 ജൂലൈ 28 ചൊവ്വാഴ്ച.
5. Address

| | |
|---|---|
| Rev. Fr. Director | Rev.Fr. Vipin SDV |
| St. Paul's Church | Holy Trinity Cathedral |
| Mahalingapuram | Trichy Road |
| Pollachi - 642 002 | Ramanathapuram |
| | CBE - 641 045 |

**E. രൂപതാ മാതൃവേദിയിലേക്ക് സംഭാവന**

തിരുപ്പൂർ യൂണിറ്റ് 28 x 100 = 2800. 00

**F.** ഉപന്യാസം തിരഞ്ഞെടുത്ത യൂണിറ്റ് Director ന്റെ Sign and Seal ഉണ്ടാകേണ്ടതാണ്.

**ഫാ. വിബിൻ കൊള്ളന്നൂർ SDV**
അസി. ഡയറക്ടർ

**ഫാ. തോമസ് കാവുങ്ങൽ**
ഡയറക്ടർ

# CML

1. ജൂലൈ 11-ാം തീയതി C.M.L. ന്റെ ഏകദിനസെമിനാറും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഉണ്ടായിരിക്കുന്നതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 3 മണി വരെ ആയിരിക്കും സെമിനാർ. എല്ലാ യൂണിറ്റുകളിലെയും കുട്ടികളെ സെമിനാറിലേക്ക് പറഞ്ഞയക്കാൻ വികാരിയച്ചൻമാരും യൂണിറ്റ് ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

2. **C.M.L. National Meet**

October 21 - C.M.L. National Meet- നായി നമ്മുടെ രൂപതയിൽ വേദിയൊരുങ്ങുന്നു. അതിനുവേണ്ടി പ്രത്യേകം കുഞ്ഞുമക്കളെല്ലാം പ്രാർത്ഥിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

3. **Arts Competition**

സമർപ്പണ വർഷത്തിന് മുന്നോടിയായി ഈ വർഷം C.M.L. കലാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഫൊറോനാ തലത്തിലാണ് മത്സരങ്ങൾ നടത്തുന്നത്. മത്സരങ്ങൾ നടക്കുന്ന തീയതി വിശദമായി അറിയിക്കുന്നതായിരിക്കും

**Individual Items**

1. Short Story
2. Poetry
3. Essay Writings
4. Drawings

**Age Category For Individual Items:**

| | | |
|---|---|---|
| 5th to 7th | - | A Category |
| 8th to 10th | - | B Category |
| 11th to 12th | - | C Category |

**നിയമങ്ങൾ**

ഓരോ യൂണിറ്റിൽ നിന്നും Individual Items- ന് രണ്ട് പേർ വീതം പങ്കെടുക്കാവുന്നതാണ്. അങ്ങനെ നാല് മത്സര ഇനങ്ങളിലായി ഒരു യൂണിറ്റിൽ നിന്നും മൊത്തം 6-പേർ പങ്കെടുക്കാവുന്നതാണ്.

**ഗ്രൂപ്പ് മത്സരങ്ങൾ (Group Song, Skit)**

Group Song നിയമങ്ങൾ

1. ഗാനമത്സരത്തിൽ പങ്കെടുക്കേണ്ട അംഗങ്ങളുടെ എണ്ണം Minimum 5- Dw Maximum 12- ഉം ആണ്.

2. സമയപരിധി 8 മിനിറ്റാണ്.

3. വാദ്യോപകരണങ്ങൾ അനുവദിക്കുന്നതല്ല

4. ക്രിസ്തീയ ഭക്തിഗാനങ്ങൾ മാത്രമേ ആലപിക്കാവൂ.

Skit നിയമങ്ങൾ

1. Theme: സമർപ്പിത ജീവിതം

2. ബൈബിൾ കഥാപാത്രങ്ങളോ വിശുദ്ധരുടെ ജീവിതമോ ആധാര മാക്കി വേണം ടസസശ നിർമ്മിക്കേണ്ടത്.

3. പങ്കെടുക്കേണ്ട അംഗങ്ങളുടെ എണ്ണം Minimum 5- Dw Maximum 12-ഉം ആണ്.

4. കഥാപാത്രങ്ങളുടെ സംഭാഷണം മുൻകൂട്ടി ഞലരീ്യറ ചെയ്ത് അഭി നയിക്കുന്നത് അനുവദനീയമാണ്.



## CHARISMATIC NEWS

**ഏകദിനധ്യാനം**

രൂപത നവീകരണ മുന്നേറ്റത്തിന്റെ ഏകദിന കൺവെൻഷൻ കഴിഞ്ഞ മാസം മുതൽ ആരംഭിച്ചു. ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ എല്ലാ മാസാദ്യ ശനിയാഴ്ചയും രാവിലെ 9.30 മുതൽ ഉച്ചക ഴിഞ്ഞ് 3.30 വരെ ഏകദിനധ്യാനം നടക്കുന്നതാണ്. ജൂലൈ മാസ ത്തിൽ വചനപ്രഘോഷണം നടത്തുന്നത് ബഹു. ജോർജ്ജ് കുഴി പ്പിള്ളി വി.സി. അച്ചനായിരിക്കും. കൗൺസിലിംഗും കുമ്പസാരവും വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. സാക്ഷ്യം പറയുന്നവർ നേരത്തെ തന്നെ ഡയറക്ടറച്ചനെ കാണേണ്ടതാണ് ആത്മീയ ജീവിത ത്തിന് ഉണർവും ഉൻമേഷവും പകരാൻ ധ്യാനങ്ങൾ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. എല്ലാ ശുശ്രൂഷകളിലേക്കും എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

**നൈറ്റ് വിജിൽ**

ജൂലൈ മാസത്തിലെ നൈറ്റ് വിജിൽ 10-ാം തീയതി വെള്ളി രാത്രി 9 മണിയ്ക്ക് ആരംഭിച്ച് 11-ാം ശനിയാഴ്ച പുലർച്ചെ 2 മണിയ്ക്ക് അവസാനിക്കുന്നു.

വചനശുശ്രൂഷയ്ക്കും, ആരാധനയ്ക്കും നേതൃത്വം വഹിക്കുന്നത് ബ്രദർ കുഞ്ഞുമോൻ പുന്നപ്ര ആയിരിക്കും. ദൈവസന്നിധിയിൽ ത്യാഗപൂർവ്വം പ്രാർത്ഥിക്കാം, അനുഗ്രഹങ്ങൾ പ്രാപിക്കാം.

ഡയറക്ടർ

**ഫാ. ജോസഫ് പുത്തൂർ**

## SMRC

2014-2015 അധ്യയന വർഷത്തിൽ X & XII ക്ലാസുകളിൽ നൂറുശതമാനം വിജയം നേടിയ Nirmala Matha Convent Matric Hr. Sec. School Kuniamuthur, Erode- നും പ്രത്യേകമായി Xth ൽ State 2nd Rank കരസ്ഥമാക്കിയ Kuniamuthur Nirmala Matha School- ന് പ്രത്യേകം അഭിനന്ദനങ്ങൾ.

Nirmala Matha Novitiate House Moolakkarai 2nd year നവസന്യാസികൾ റീജൻസിക്കുപോകുകയും, 4- അർത്ഥിനികൾ നവസന്യാസത്തിലേക്കുപ്രവേശിക്കുകയും ചെയ്തു. ഇവർക്ക് പ്രാർത്ഥനാശംസകൾ.

എല്ലാ നിർമ്മലമാതാ സ്കൂളുകളിലേയും Christian Staff- നും Kuniamuthur School- ൽ വച്ച് രണ്ടുദിവസത്തെ ധ്യാനവും, എല്ലാ Teaching Staff- ന് ഒരുമിച്ച് ഒരു ദിവസത്തെ Orientation Programme- ഉം നടത്തി.

Nirmala Matha ICSE Podanur School- ൽ Principal ആയി ചാർജ്ജെടുത്ത Sr. Sisy Vazhapilly SABS- ന് ആശംസകൾ നേരുന്നു.

Avila Convent Ma.Hr.Sec.School Std. XI th- ന്റെ പ്രവേശനം പ്രാർത്ഥനയോടെ സ്വാഗതം ചെയ്തു.

June 13th- ന് നടന്ന രൂപതാ ദിനത്തിന്റെ എല്ലാ പരിപാടികളിലും SMRC അംഗങ്ങൾ സജീവമായി പങ്കെടുത്തു.

June 14th രൂപതയിൽ നടന്ന സമർപ്പിത സംഗമത്തിനായി

അജൻ്റകമ്മറ്റിയോട് ചേർന്ന് SMRC യും പിതാവിൻ്റെ നേതൃത്വത്തിൽ എല്ലാ പരിപാടികളും ആസൂത്രണം ചെയ്തു. പ്രതീക്ഷക്കതീതമായി സമർപ്പിതർ വന്നുചേർന്നു. 9.30 മുതൽ 3.30 വരെ നടന്ന എല്ലാ പരിപാടിയിലും എല്ലാവരും സജീവമായി പങ്കെടുത്തു. ക്ഷണം സ്വീകരിച്ച് രൂപതയിലേയ്ക്ക് കടന്നുവന്ന എല്ലാ സമർപ്പിതർക്കും അവർക്ക് ഉത്തേജനം നല്കിയ Provincial- നും മറ്റ് അധികാരികൾക്കും SMRC യുടെ നന്ദിയും പ്രാർത്ഥനയും നേരുന്നു.

June 15th ആവില School L.K.G. Students- ൻ്റെ ആഗമനഭവനം. 9.00 am ന് കുഞ്ഞുങ്ങളും മാതാപിതാക്കളും ഓഡിറ്റോറിയത്തിൽ ഒന്നിച്ചുകൂടി. Rev. Fr. Peter (V.C.)- യുടെ നേതൃത്വത്തിൽ Parents- ന് വചനസന്ദേശം നല്കി. Dr. Uma (ആയുർവേദിക്) കുട്ടികളുടെ ഭക്ഷണ രീതിയും അച്ചടക്കമുറയെയും പറ്റി Parents- ന് ബോധവൽക്കരണം നടത്തി തുടർന്ന് പ്രാർത്ഥനയും ബ. വൈദികൻ്റെ ആശീർവാദവും നടന്നു. ആ ദിവസത്തെ അനുഗ്രഹപ്രദമാക്കി. Sr. Shalini (Principal) School- ൻ്റെ Rules + Regulation- നെപ്പറ്റി Parents- നോട് സംസാരിച്ചു.

Thank You,
**Sr. Soona C.M.C.**
SMRC

# SNIPPETS

| | |
|---|---|
| Starting of the Coimbatore Mission | 29th April 1955 |
| Formation of Coimbatore Forane | Nov. 1973 |
| Erection of the Eparchy of Palghat | 20th June 1974 |
| Inauguration of the Eparchy of Palghat | 8th Sept 1974 |
| Inauguration of Coimbatore Region and Formation of 3 Foranes | 1st May 2008 |
| Erection of the Eparchy of Ramanathapuram | 18th Jan 2010 |
| Inauguration of the Eparchy of Ramanathapuram & Episcopal Ordination of Msgr. Paul Alappatt | 11th April 2010 |
| Inauguration of the 1st Pastoral Council | 29th April 2010 |
| 1st Eparchial Day & Releasing of the Eparchial Logo & Anthem (Chief Guest : Mar Andrews Thazhath, Metropolitan Archbishop of Trichur) | 04th July 2010 |
| Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th Oct 2010 |
| Blessing of the Arokiamatha Chapel, Pollachi | 18th Oct 2010 |
| Blessing & Inauguration of “Santhom Creations”, Tirupur | 25th Oct 2010 |
| Blessing Foundation Stone for the Eparchial Minor Seminary (H. E. Mar Jacob Manathodath) | 06th Jan 2011 |
| Inauguration of the 2nd Pastoral Council | 11th June 2011 |
| Inauguration of 'St Mary's Minor Seminary', at Temporary building at Edayapalayam | 12th June 2011 |
| Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| Inauguration of the Mission Year | 10th Sept. 2011 |
| Inauguration of the Diocesan Website | 10th Sept. 2011 |
| Consecration of the Karunya Matha Church, Karunya Nagar (Perur) | 08th Dec. 2011 |
| Erection the Parish, Udumalpet | 07th Jan. 2012 |

# SNIPPETS

| | |
|---|---|
| Starting of the Dharapuram Mission | 04th March 2012 |
| Blessing of the Presbytery, Karamadai | 06th May 2012 |
| The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| Erection of the Parish, Sulur Aero | 15th July 2012 |
| Inauguration of the Eparchial Santhom Social Service Society | 18th Aug. 2012 |
| Laying Foundation Stone for the Minor Seminary at Kozhinjampara | 18th Jan 2013 |
| Consecration of the Good Shepherd Church, Karamadai | 20th Jan 2013 |
| Starting of Vadavally Mission | 10th Feb 2013 |
| Starting of Ettimada Mission | 17th Feb, 2013 |
| Starting of St. Alphonsa Mission, Edayapalayam, (Mettupalayam) | 3rd March 2013 |
| Starting of Athipalayam Pirivu Mission (Ganapathy, Gandhipuram) | 11th Aug 2013 |
| Starting of Sowripalayam Mission | 20th Oct 2013 |
| Consecration of the St. Judes Church, Dharapuram | 21st Dec 2013 |
| Shifting of the Minor Seminary to the new building in Vadakkukadu (Kozhinjampara) | 06th Jan 2014 |
| Consecration of St. Alphonsa Church, Palladam | 1st Feb 2014 |
| Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| Blessing of Presbytery, Dharapuram | 23rd Feb 2014 |
| Perpetual Adoration Centre at Lourde Forane Church, Gandhipuram | 8th Dec 2014 |
| Laying foundation stone for Mother Theresa Peace Home,Tirupur | 11th Apr 2015 |
| Laying foundation stone for the new church at Kuniamuthur | 25th Apr 2015 |
| “Samarpithavarsham” at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30 - 2016 Feb. 02) | 14th Jun 2015 |

*With best compliments from*

**TRINITY MATRICULATION HIGHER SECONDARY SCHOOL**
(Recognised by Government of Tamilnadu)
1872, Trichy Road, Ramanathapuram, Coimbatore - 641 045.

**SAINT CLOTHILDA PLAY SCHOOL**
Vellalore Road, Podanur.

**SAINT JOSEPH NURSERY SCHOOL**
Kattoor, Mettupalayam.

**AROKIAMATHA MATRICULATION SCHOOL**
Mahalingapuram, Pollachi - 02.

# DIOCESE OF RAMANATHAPURAM




## *Parishes, mission Centers Institutions & Religious Houses*

**1. HOLY TRINITY CATHEDRAL, RAMANATHAPURAM**
- a) ST. JOSEPH'S MISSION CENTRE - PEELAMEDU, SITRA
- b) MIGRANT YOUTH MINISTRY - SOWRIPALAYAM
- c) Trinity Matriculation Hr. Sec. School ( Parish)
- d) St. George FCC Convent (FCC)
- e) Alvernia Matric. Hr. Sec. School (FCC)
- f) St. Thomas Aged Home (FCC)
- g) Divine Retreat Centre (V.C)
- h) Divyodaya (CMI)

**2. ST. SEBASTIAN CHURCH, UKKADAM**
- a) Holy Family Convent (CHF)
- b) Holy Family Mat. Hr. Sec. School (CHF)

**3. ST. MARK'S CHURCH, KUNIAMUTHUR**
- a) PUNNESERY NEST - ETTIMADAI
- b) Nirmala Matha Convent (SABS)
- c) Nimala Matha Mat. Hr. Sec. School(SABS)
- d) Nimala Matha Convent School ICSE(SABS)
- e) Nirmala Matha Orphanage (SABS)
- f) Assisi Snehalaya Monastery (OFM Conv.)
- g) Assisi Snehalaya R.R.C (OFM Conv.)

**4. ST. CLOTTILDA'S CHURCH, PODANUR**
- a) Karunyamatha Convent (SABS)
- b) Nirmala Matha Mat. Hr. Sec. School (SABS)
- c) St. Joseph's Convent (CSS)
- d) St. Joseph's Home for the aged (CSS)
- e) St. Clottilda Pre-KG School

**5. ST. THOMAS CHURCH, SULUR AERO**
- a) Holy Family Convent (CHF)
- b) H. F. Nursary & Primary Eng.Med. School (CHF)

**6. INFANT JESUS CHURCH, PALLADAM**
- a) Infant Jesus Convent (FCC)
- b) Infant Jesus Mat. Hr. Sec. School (FCC)

**7. ST. PAUL'S CHURCH, POLLACHI**
- a) Holy Family Convent (CHF)
- b) Arokyamatha Mat. School,Mahalingapuram (CHF)
- c) Arokyamatha Convent (CHF)
- d) Arokyamatha Mat. Hr. Sec. School (CHF)
- e) Matha Nilayam (CHF)
- f) Preshitha House (CMI)
- g) Preshitha Service Society (CMI)
- h) Press & Media Centre (CMI)
- I) Viswadeepthi Mat. Hr. Sec. School (CMI)
- j) Preshitha Agro Service Centre (CMI)
- k) Preshitha Rural Hospital (CMI)
- l) Lisieux Bhavan (CSS)
- m) Anbakam (CMI)
- n) Little Flower Minor Seminary (CMI)

**8. AROKYAMATHA CHAPEL, POLLACHI**

**9. ST. ELIZABETH CHURCH, SULESWARAMPATTY**

**10. ST. LUKE'S CHURCH, VALPARAI**
- a) Karunya Convent (FCC)
- b) Karunya Tailoring Centre (FCC)

**11. ST. SEBASTIAN'S CHURCH, UDUMALPETTU**
- a) Lourde Matha Convent (CMC)
- b) Lourde Matha Convent Mat. Hr. Sec. School (CMC)

**12. KARUNYAMATHA CHUCH, KARUNYA NAGAR**

**13. ST. JUDE'S CHURCH DHARAPURAM**

**14. LOURDS FORANE CHURCH, GANDHIPURAM**
- a) HOLY FAMILY MISSION CENTRE - GANAPATHY
- b) Mary Rani Convent (FCC)
- c) Mary Rani Nursery & Primary School (FCC)

**15. ST. ANTONY'S CHURCH, VISWASAPURAM**
- a) Vimal Jyothi Convent (CMC)
- b) Vimal Jyoth Mat. Hr. Sec. School (CMC)
- c) Carmel Convent (CMC)
- d) Vimal Jyothi Hospital (CMC)
- e) Lisieux House (CMI)
- f) Lisieux College of Education (CMI)

**16. ST. JOSEPH'S CHURCH, R.S. PURAM**
- a) Amaithi illam (SABS)
- b) Amaithi illam Hostel (SABS)

**17. LITTLE FLOWER CHURCH, SAIBABA COLONY**
- a) Little Flower Monastery (CMI)
- b) Lisieux Mat. Hr. Sec. School (CMI)
- c) Avila Convent (CMC)
- d) Avila Convent Mat. Hr. Sec. School (CMC)
- e) Assisi Sisters of Mary Immaculate (ASMI)

**18. INFANT JESUS CHURCH, EDAYAPALAYAM**
- a) Nazareth Convent (CSN)

**19. ST. JOSEPH'S CHURCH, KAVUNDAMPALAYAM**
- a) Kristu Dasi Convent (SKD)
- b) Christ Message Centre (CMI)
- c) Little Flower Rehabilitation Centre (CMI)

**20. GOOD SHEPHERD CHURCH, KARAMADAI**
- a) St. Joseph's Mat. Hr. Sec. School (Diocese)
- b) Good Shepherd Convent (FCC)
- c) Good Shepherd Garment Unit (FCC)
- d) Zion Ashram (MMB)
- e) Zion Illam (MMB)
- f) Karunai Illam (FCC)

**21. ST. JOSEPH'S CHURCH, METTUPALAYAM**
- a) ST. ALPHONSA - EDAYARPALAYAM
- b) St. Joseph's Nursery School (Parish)
- c) San Jose Convent (FCC)
- d) San Jose Mat. Hr. Sec. School (FCC)
- e) Little Flower Convent, Kumarapuram (FCC)

**22. JEEVAN JYOTHI CENTRE, CHINNATHOTTIPALAYAM**
- a) Clare illam (FCC)
- b) Jeevan Jyothi Animation Centre (FCC)

**23. ST. JOHN PAUL -PERIYANAYAKKANPALAYAM**
- a) Infant Jesus Convent (CMC)
- b) Infant Jesus School (CMC)
- c) Infant Jesus School for deaf and Dumb (CMC)

**24. VADAVALLI MISSION**
- a) Nazreth Bhavan (CSC)
- d) Ashraya Bala Bhavan (CSC)
- c) Little Flower Mission Centre (CMI)
- d) Chavara Vidhya Bhavan Mat. Hr. Sec. School (CMI)

**25. ST. MARY'S MISSION, ANNUR**
- a) St. Mary's Convent (SKD)
- b) St. Mary's Mat. Hr. Sec. School (SKD)

**26. LOURD MATHA FORANE CHURCH, ERODE**
- a) Christu Jyothi Convent (FCC)
- b) Christu Jyothi Mat. Hr. Sec. School (FCC)
- c) Jyothi Bhavan (FCC)
- d) Christu Jyothi Hospital (FCC)
- e) Assisi Bhavan (FCC)
- f) Annai Mary F.C. Convent (FCC)
- g) Annai Mary Lower Primary School (FCC)
- h) Carmel House (CMI)
- I) Carmel Matric Hr. Sec. School (CMI)
- j) Nirmala Matha Convent (SABS)
- k) Nirmala Matha Novitiate House, Moolakkarai (SABS)
- l) Nirmala Matha Mat. Hr. Sec. School (SABS)
- m) Nirmala Matha Ladies Hostel (SABS)
- n) St. Antony's Convent, Palayakottai (CSM
- o) St. Antony's Matric. School, Palayakottai (CSM)
- p) Assisi Convent, Akkaraikodiveri (ASMI)
- q) Assisi Hospital, Akkaraikodiveri (ASMI)

**27. ST. ANTONY'S CHURCH, SASTHRI NAGAR**

**28. ST. ANTONY'S MISSION CENTRE, CHENNIMALAI**
- a) Vimala Convent (FCC)
- b) Vimala High School (FCC)
- c) Udayam Monastery (CMI)
- d) Udayam Home for the Mentally Challenged (CMI)

**29. MOUNT CARMEL CHURCH, TIRUPUR**
- a) Little Flower Convent (CMC)
- b) Little Flower Mat. Hr. Sec. School (CMC)
- c)Santhome Creations, Avinasi (Tirupur)
- d) Assisi Convent, Avinasi (ASMI)
- e) Assisi Garment Centre, Avinasi (ASMI)

**30. ST. ANTONY'S MISSION CENTRE, KANGAYAM**
- a) Mercy Convent (FCC)
- b) Mercy Mat. Hr. Sec. School (FCC)

**31. ST. ANTONY'S CHURCH, KARUR**
- a) St. Antony's Convent (FCC)
- b) St. Antony's Mat. Hr. Sec. School (FCC)
- c) Sirumalar illam (CST)
- d) Little Flower Mat. School (CST)
- e) Anto Bhavan (FCC)
- f) St. Antony's Home for Mentally Challenged (FCC)